# സാമൂഹ്യാഘാത വിലയിരുത്തൽ പഠനം

27.09.2019

# കരട് റിപ്പോർട്ട്

ജില്ല : തൃശ്ശൂർ

താലൂക്ക് : തൃശ്ശൂർ

ഗ്രാമം : മുളയം, പീച്ചി

# ശ്രീധരി പാലം & അപ്രോച്ച് റോഡ്

സമർപ്പണം :

ജില്ലാ കളക്ടർ, തൃശ്ശൂർ


SIA UNIT

യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ

സോഷ്യൽ സർവ്വീസ് സെന്റർ

കോളേജ് പി.ഒ., കോതമംഗലം - 686 666

ഫോൺ : 9446510628

www.ysso.net, email: ysso95@gmail.com

# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

# കരട് വിവരണം

# ശ്രീധരി പാലം & അപ്രോച്ച് റോഡ്

ജില്ല : തൃശ്ശൂർ

താലൂക്ക : തൃശ്ശൂർ

ഗ്രാമം : മുളയം, പീച്ചി

## സമർപ്പണം

**ജില്ലാ കളക്ടർ, തൃശ്ശൂർ**

**സ്പെഷ്യൽ തഹസിൽദാർ, എൽ. എ ജനറൽ, തൃശ്ശൂർ**

**പൊതുമരാമത്ത് (പാലങ്ങൾ), എറണാകുളം**

**SIA UNIT**

യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ
സോഷ്യൽ സർവ്വീസ് സെന്റർ
കോളേജ് പി.ഒ.
കോതമംഗലം – 686 666
ഫോൺ : 0485 2971222, 9446510628
ysso.net, email: ysso95@gmail.com

സെപ്റ്റംബർ 27, 2019

# ഉള്ളടക്കം


അദ്ധ്യായം 1 പഠനത്തിന്റെ സംക്ഷിപ്ത രൂപം

അദ്ധ്യായം 2 പദ്ധതിയുടെ വിശദ വിവരങ്ങൾ

അദ്ധ്യായം 3 പഠനസംഘം, പഠനസമീപനം, പദ്ധതി ശാസ്ത്രം

അദ്ധ്യായം 4 സ്ഥലത്തിന്റെ മൂല്യനിർണയം

അദ്ധ്യായം 5 കണക്കാക്കലും ഗണനവും

അദ്ധ്യായം 6 സാമൂഹ്യ സാമ്പത്തിക രൂപരേഖ

അദ്ധ്യായം 7 സാമൂഹ്യാഘാതത്തിന്റെ നിർവ്വഹണം

അദ്ധ്യായം 8 സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി സ്ഥാപന സംവിധാനം

അദ്ധ്യായം 9 സാമൂഹ്യ പ്രത്യാഘാത ദൂരീകരണ ബഡ്ജറ്റ്

അദ്ധ്യായം 10 സാമൂഹ്യപ്രത്യാഘാത ദൂരീകരണ പദ്ധതി– മേൽനോട്ടവും മൂല്യനിർണ്ണയവും

അദ്ധ്യായം 11 നേട്ടങ്ങളും കോട്ടങ്ങളും അപഗ്രഥനം, ഭൂമി ഏറ്റെടുക്കൽ സംബന്ധിക്കുന്ന നിർദ്ദേശം

| | |
|---|---|
| പദ്ധതിയുടെ പേര് | ശ്രീധരി പാലം & അപ്രോച്ച് റോഡ് |
| സംസ്ഥാനം | കേരളം |
| ജില്ല | തൃശ്ശൂർ |
| താലൂക്ക് | തൃശ്ശൂർ |
| റവന്യൂവില്ലേജ് | മുളയം, പീച്ചി |
| ഗ്രാമ പഞ്ചായത്ത് | നടത്തറ |
| ബ്ലോക്ക്പഞ്ചായത്ത് | ഒല്ലൂക്കര |
| ഉൾപ്പെടുന്ന വാർഡ് | വാർഡ് 5, വാർഡ് 6 |
| ഏറ്റെടുക്കേണ്ട ഭൂമി യുടെഅളവ് (ഹെക്ടർ) | 0.3766 ഹെക്ടർ |
| അർത്ഥനാധികാരി | സ്പെഷ്യൽ തഹസിൽദാർ എൽ.എ. ജനറൽ, തൃശ്ശൂർ |
| ഏറ്റെടുക്കൽ ഉദ്യോഗസ്ഥൻ | പൊതുമരാമത്ത് പാലങ്ങൾ, എറണാകുളം |
| പാലത്തിന്റെ സ്ഥാനം | നടത്തറ പഞ്ചായത്തിലെ ചാലാംപാടത്തെ ഇരുവശമുള്ള പഞ്ചാ യത്ത് റോഡുകളെ ബന്ധിപ്പിച്ചു കൊണ്ട് മണലിപ്പുഴയ്ക്ക് കുറുകെ തൃശ്ശൂർ ജില്ലയിലെ ഒല്ലൂർ നിയോജകമണ്ഡലത്തിലാണ് പാലത്തിന്റെ സ്ഥാനം. |
| നിലവിലെ അവസ്ഥ | നിലവിലെ നടപ്പാലം തകർന്ന അവസ്ഥയിലാണ്. പാലത്തിന്റെ അടി ത്തറയ്ക്ക് ബലക്ഷയം സംഭവിച്ചിട്ടുണ്ട് |
| ഏകദേശ ചിലവ് | 1034 ലക്ഷം രൂപ |

## അദ്ധ്യായം 1

# പഠനത്തിന്റെ സംക്ഷിപ്ത രൂപം

## 1.1 ആമുഖം : പദ്ധതിയും ലക്ഷ്യങ്ങളും

ശ്രീധരിപാലം & അപ്രോച്ച് റോഡ് നിർമ്മാണത്തിന് വേ□ി ഭൂമി വിട്ട് നൽകുന്നവർക്കു□ാകുന്ന സാമൂഹികാഘാതത്തെക്കുറിച്ചുള്ള പഠനമാണ് ഈ റിപ്പോർട്ടിലുള്ളത്. തൃശ്ശൂർ ജില്ലയിൽ, തൃശ്ശൂർ താലൂക്കിൽ, മുളയം, പീച്ചി വില്ലേജുകളിൽ, ഉൾപ്പെട്ട 0.3766 ഹെക്ടർ സ്ഥലമാണ് ശ്രീധരിപാലവും അപ്രോച്ച് റോഡ് നിർമ്മാണത്തിനു വേണ്ടി ഏറ്റെടുക്കുവാൻ തീരുമാനിച്ചിരിക്കുന്നത്. നടത്തറ പഞ്ചായത്തിന്റെ കീഴിലാണ് പദ്ധതി വരുന്നത്.

ഗ്രാമങ്ങളുടെ വികസനഘട്ടത്തിൽ, യാത്രാസൗകര്യങ്ങൾ വർദ്ധിപ്പിച്ച്, ഒറ്റപ്പെടൽ ഇല്ലായ്മ ചെയ്യേണ്ടത് തീർച്ചയായും ആവശ്യമാണ്. റോഡുകളും പാലങ്ങളും ഗ്രാമങ്ങളെ പട്ടണങ്ങളും മറ്റു പ്രദേശങ്ങളുമായി ബന്ധിപ്പിക്കുന്നു. പാലങ്ങളുടെ നിർമ്മാണത്തിലൂടെ ഗ്രാമനിവാസികളുടെ സഞ്ചാരം അനായാസമാക്കുകയും സാമൂഹ്യ, സാമ്പത്തിക വികസനം എത്തുകയും ചെയ്യുന്നു. തൃശ്ശൂർ ജില്ലയിലെ ഒല്ലൂർ നിയോജകമണ്ഡലത്തിലാണ് ശ്രീധരിപ്പാലം നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. ദേശീയപാതയിൽ നിന്ന് 3 കിലോമീറ്റർ ദൂരത്താണ് പാലം വരുന്നത്. കണ്ണാറ വലക്കാവ് PWD റോഡും മുളയം കൂട്ടാല മണ്ണുത്തി റോഡും തമ്മിൽ നേരിട്ടാണ് പാലം ബന്ധിപ്പിക്കുന്നത്. മണ്ണുത്തി-പാലക്കാട് ദേശീയ പാതയിലെത്തിച്ചേരാനുള്ള എളുപ്പമാർഗ്ഗവും, പാലക്കാട് ജില്ലയിലേക്കും, തൃശ്ശൂർ പട്ടണത്തിലേക്കുമുള്ള ദൂരം കുറയ്ക്കുന്നതുമാണ് നടത്തറ, പാണൻചേരി നിവാസികൾക്ക് നിർദ്ദിഷ്ടപാലം മുഖേനയുള്ള പ്രയോജനം.

പാലത്തിന് 11.05 മീറ്റർ വീതിയും 35 മീറ്റർ നിളവും ആയിരിക്കും. പാണൻചേരി, പുത്തൂർ, നടത്തറ പഞ്ചായത്തുകൾക്കാണ് പാലം പ്രയോജനം ചെയ്യുന്നത്. പാലം പണി തീർന്നു കഴിഞ്ഞാൽ വലക്കാവ്, ചാലംപാടം, മാറയ്ക്കൽ ഭാഗങ്ങളിൽ നിന്ന് ദേശീയ പാതയിലേക്കുള്ള ദൂരം കേവലം 3 കിലോമീറ്റർ മാത്രമായിരിക്കും. ഇപ്രകാരം പുതിയ പാലം സമയലാഭം പ്രദാനം ചെയ്യുന്നു. പാലക്കാട്ടുനിന്ന് പുത്തൂർ മൃഗശാലയിലെത്തിച്ചേരുന്നത് എളുപ്പവുമായിരിക്കും.

പാലം പൂർത്തിയാകുന്നതോടെ പ്രദേശത്തെ വിനോദസഞ്ചാരം, കൃഷി, ചെറുകിട വ്യവസായം എന്നീ മേഖലകൾക്ക് വമ്പിച്ച പിൻതുണ ലഭ്യമാകുകയും, ചുറ്റുപാടുമുള്ള ഗ്രാമങ്ങളുടെ സാമ്പത്തിക വളർച്ചയ്ക്ക് വളരെ സംഭാവന ചെയ്യുകയും, തദ്ദേശീയർക്ക് തൊഴിലവസരങ്ങൾ തുറന്ന് കൊടുക്കുകയും ചെയ്യും.

ശ്രീധരി പാലം പദ്ധതി യാഥാർത്ഥ്യമാക്കുന്നതിലൂടെ ഇതര സ്ഥലങ്ങളിലേക്കുമുള്ള യാത്രാ സൗകര്യം മെച്ചപ്പെടുകയും യാത്ര എളുപ്പത്തിലാക്കുന്നതിനും സമയ ദൈർഘ്യം കുറയ്ക്കുന്നതിനും നിർദ്ദിഷ്ട പദ്ധതി

അനിവാര്യമാണെന്നാണ് പൊതുജന അഭിപ്രായത്തിലൂടെയും, സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠന ത്തിലൂടെ വെളിവാക്കപ്പെടുന്നത്.

നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ട ഭൂമി സ്വകാര്യ ഉടമസ്ഥതയിലുള്ളതും 2013-ലെ നിയമ ങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിലുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

## 1.2 പദ്ധതി പ്രദേശം

തൃശ്ശൂർ ജില്ലയിലെ, തൃശ്ശൂർ താലൂക്കിൽപ്പെട്ട മുളയം, പീച്ചി വില്ലേജുകളിൽപ്പെട്ട പ്രദേശമാണ് ബാധി തമേഖല. നടത്തറ പഞ്ചായത്തിലെ 5ഉം, 6ഉം വാർഡിലെ പരിധിയിൽ ഉൾപ്പെടുന്ന പ്രദേശത്താണ് ശ്രീധരിപാലം & അപ്രോച്ച് റോഡ് നിർമ്മാണത്തിനു വേണ്ടി സ്ഥലം ഏറ്റെടുക്കുന്നത്.

## 1.3 വലിപ്പവും പ്രത്യേകതകളും

തൃശ്ശൂർ ജില്ലയിലെ, തൃശ്ശൂർ താലൂക്കിൽപ്പെട്ട മുളയം, പീച്ചി വില്ലേജുകളിൽപ്പെട്ട 0.3766 ഹെക്ടർ സ്ഥലമാണ് പദ്ധതിക്കായി ഏറ്റെടുക്കുന്നത്. കൃഷിക്ക് ഉപയോഗിക്കുന്ന സ്ഥലങ്ങളും, വീടിനോട് തൊട്ടടുത്തുള്ള സ്ഥലങ്ങളും, കെട്ടിടങ്ങളുടെ മുൻവശം (ഭാഗികം), പുറമ്പോക്ക് ഭൂമി, തുറസ്സായ സ്ഥലവും കൂടാതെ മതിൽ, ഗേറ്റ്, കിണർ എന്നിവയും ഉൾപ്പെടുന്നു. (ഇതിൽ നിന്നെല്ലാം ചെറിയൊരു ഭാഗമായിട്ടാണ് പദ്ധതിക്കു വേണ്ടി ഏറ്റെടുക്കുന്നത്) നിർദ്ദിഷ്ട പാലം നടത്തറ പഞ്ചായത്തിലെ ചാലാംപാടത്തെ ഇരുവശ മുള്ള പഞ്ചായത്ത് റോഡുകളെ ബന്ധിപ്പിക്കുന്നുണ്ട്.

## 1.4 പരിഗണിച്ച ഇതര മാർഗ്ഗങ്ങൾ

നിർദ്ദിഷ്ട പദ്ധതിക്ക് പ്രസ്തുത പ്രദേശത്തേക്കാൾ അനുയോജ്യമായി മറ്റു സ്ഥലം ഒന്നും ഇല്ല എന്നതിനാൽ ഇതര മാർഗ്ഗങ്ങൾ പരിഗണിക്കേണ്ടതില്ല.

## 1.5 പ്രത്യാഘാത ലഘുകരണ നടപടികൾ

| ക്രമ നമ്പർ | ഉണ്ടാകുന്ന നഷ്ടം | സമീപനം | സാധ്യമായ ലഘുകരണ നടപടികൾ |
|---|---|---|---|
| 1. | താമസ ഭവനങ്ങളുടെ നഷ്ടം | പുനരധിവാസവും നഷ്ടപരിഹാരവും | പുനരധിവാസവും നഷ്ടപരിഹാരവും |
| 2. | കൃഷിഭൂമിയുടെയും വരുമാനത്തിന്റെയും നഷ്ടം | നഷ്ടപരിഹാരം | ന്യായമായ നഷ്ടപരിഹാരം |
| 3. | മരങ്ങളുടെ നഷ്ടം | നഷ്ടപരിഹാരവും | മതിയായ നഷ്ടപരിഹാരം നൽകുകയും നഷ്ടപ്പെടുന്നതിന് |

| | | | |
|---|---|---|---|
| | | നിയന്ത്രണവും | തുല്യ എണ്ണം മരങ്ങൾ സർക്കാർ ഭൂമിയിലോ, സ്വകാര്യ ഭൂമിയിലോ നട്ടു വളർത്താൻ നടപടി സ്വീകരിക്കുക. |
| 4. | നാണ്യവിളകളുടെ നഷ്ടം | നഷ്ട പരിഹാരം | മതിയായ നഷ്ടപരിഹാരം |
| 5. | അവശേഷിക്കുന്ന ഭൂമി യിലേക്കുള്ള പ്രവേശന മാർഗ്ഗങ്ങളുടെ നഷ്ടം | നിയന്ത്രണം | പ്രവേശനമാർഗ്ഗങ്ങളുടെ പുനസ്ഥാപനം |
| 6. | ശബ്ദം, അന്തരീക്ഷ മലിനികരണം, ജലമലിനി കരണം, പൊടി എന്നിവ | നിയന്ത്രണം | പ്രത്യാഘാത ലഘുകരണ നടപടികൾ രൂപരേഖയിൽ ഉൾപ്പെടുത്തുക |
| 7. | ഭൂമി ഏറ്റെടുക്കലിലും നഷ്ടപരിഹാര വിതരണത്തിലും ഉണ്ടാകുന്ന കാലതാമസം | ശരിയായ മേൽനോ ട്ടവും നിയന്ത്രണവും | ഭൂമി ഏറ്റെടുക്കലിന് മുമ്പ് നഷ്ട പരിഹാരം വിതരണം ചെയ്യുക |
| 8.. | ജല സ്രോതസുകളുടെ നഷ്ടം | നിയന്ത്രണം | നടപ്പാക്കൽ ഏജൻസി തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ ഭൂഗർഭ ജലപരിപോഷണം ഉറപ്പ് വരുത്തണം |
| 9. | പദ്ധതി ബാധിതരെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളിൽ ഉൾപ്പെടുത്തുക. | നിയന്ത്രണം | നടപടി ക്രമങ്ങളിൽ പദ്ധതി ബാധിതരുടെ പങ്കാളിത്തം ഉറപ്പു വരുത്തുക |
| 10 | പരാതി പരിഹാരം | നിയന്ത്രണം | പ്രവർത്തന നിരതമായ പരാതി പരിഹാര കമ്മിറ്റി ജില്ലാ തലത്തി ലും പഞ്ചായത്ത് തലത്തിലും പ്രവർത്തിക്കുക. |

## അദ്ധ്യായം 2

# പദ്ധതിയുടെ വിശദവിവരങ്ങൾ

## 2.1 പദ്ധതിയുടെ പശ്ചാത്തലവും യുക്തിയും

ശ്രീധരിപാലം-അപ്രോച്ച് റോഡ് നിർമ്മാണത്തിനും വേണ്ടി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതിയുടെ ജനകീയ ലക്ഷ്യങ്ങളും ചിലവ്, മുതലായവും ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## 2.2 പദ്ധതി വലിപ്പം, സ്ഥലം, ലക്ഷ്യം, ചിലവ്

തൃശ്ശൂർ ജില്ലയിലെ, തൃശ്ശൂർ താലൂക്കിൽപ്പെട്ട മുളയം, പീച്ചി വില്ലേജുകളിൽ ഉൾപ്പെടുന്ന വ്യത്യസ്ഥ സർവ്വെ നമ്പറുകളിലുള്ള 0.3766 ഹെക്ടർ ഭൂമിയാണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നത്. നിലവിൽനടത്തറ, പാണാച്ചിറ നിവാസികൾക്ക് പാലക്കാട്-മണ്ണുത്തി ദേശീയപാതയിലേക്ക് വാഹനത്തിൽ പോകുന്നത് ദുഷ്ക്കരമാണ്. നിലവിലെ നടപ്പാലം പൂർണ്ണമായും മോശമായികിടക്കുന്നതിനാൽ 800 മീറ്റർ സഞ്ചരിച്ചാലേ ദേശീയ പാതയിലെത്താൻ സാധിക്കുകയുള്ളൂ. പാലത്തിനും, സൊസൈറ്റി മൂലയിലെ മുളയം-കൂട്ടാല -മണ്ണുത്തി PWD റോഡിനുമിടയിൽ 800 മീറ്റർ ദൂരമുണ്ട്. ചാലാംപാടം ജംഗ്ഷനിലെ കണ്ണാറ -വലക്കാവ് PWD റോഡിലേക്ക് 130 മീറ്റർ ദൂരവുമുണ്ട്.

പാലത്തെ ബന്ധിപ്പിക്കുന്ന ഇപ്പോൾ നിലവിലുള്ള റോഡ് വളരെ ഇടുങ്ങിയതാണ്. ഇത് ഇരുചക്ര വാഹനങ്ങൾക്കും കാൽനടയാത്രക്കാർക്കും മാത്രമേ ഉപയോഗയോഗ്യമായുള്ളൂ. നടത്തറ ഗ്രാമനിവാസികൾ പ്രധാനമായും കർഷകരാണ്. എളുപ്പവും മെച്ചപ്പെട്ടതുമായ ഗതാഗതസൗകര്യങ്ങൾ സമയം ലാഭിക്കുകയും, വ്യവസായ സ്ഥാപനങ്ങളുടെ വാർത്താ വിനിമയം പോഷിപ്പിക്കപ്പെടുകയും, ഈ പ്രദേശത്ത് തൊഴിലവസരങ്ങൾ തുറക്കപ്പെടുകയും ചെയ്യും. 50 ശതമാനം വരുമാനവർദ്ധനവ് വ്യവസായ ഉൽപ്പന്നങ്ങൾക്കുണ്ടാകുന്നത് വഴിവാർഷിക വരുമാനം മെച്ചപ്പെടുത്താൻ ഈ പദ്ധതി നടപ്പാക്കുന്നതോടുകൂടി സാധ്യമാകുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. പദ്ധതിക്കായി അനുവദിച്ചിരിക്കുന്നത് ഏകദേശചിലവ് 1034 ലക്ഷം രൂപയാണ്.

## 2.3 ഇതര മാർഗ്ഗങ്ങളുടെ പരിശോധന

ശീധരിപാലവും അപ്രോച്ച് റോഡും മാത്രമാണ് നിർദ്ദിഷ്ട പദ്ധതിയിൽ ഉൾപ്പെടുന്നത്. ഇതര മാർഗ്ഗങ്ങൾ പരിഗണിക്കുന്നത് തികച്ചും അപ്രസക്തമാണ്.

## 2.4 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

പദ്ധതി പ്രദേശത്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല

## 2.5 പാരിസ്ഥിതിക ആഘാതപഠനം വിവരങ്ങൾ

പൊതുജന ഉപയോഗത്തിനുള്ള പാലവും റോഡുമായതിനാൽ സാധാരണ വികസന പ്രവർത്തനത്തിനായുള്ള ചെറിയ പാരിസ്ഥിതിക ആഘാതത്തെ അപേക്ഷിച്ച് കൂടുതൽ സ്വീകാര്യമായ മഹനിയത ലഭിക്കുമെന്ന് തോന്നുന്നു.

## 2.6 ബാധകമായ നിയമങ്ങളും നയങ്ങളും

നിർദ്ദിഷ്ട ശ്രീധരിപാലം & അപ്രോച്ച് റോഡ് പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കൽ, പുനരധിവാസം, പുനസ്ഥാപനം എന്നിവയെ സംബന്ധിക്കുന്ന നിയമങ്ങൾ ചുവടെ ചേർക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശനിയമം
- കേരള സർക്കാർ-റവന്യൂ വകുപ്പ് ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള നയം
- വിവരാവകാശ നിയമം 2005

### അദ്ധ്യായം 3

# പഠനസംഘം, പഠനസമീപനം, പദ്ധതി ശാസ്ത്രം

## 3.1 പശ്ചാത്തലം

തൃശ്ശൂർ ജില്ലാ കളക്ടറുടെ ഉത്തരവ് നമ്പർ DCTSR/122/2019/E4 തീയതി 24/06/2019 അനുസരിച്ച് ശ്രീധരിപാലം & അപ്രോച്ച് റോഡ് പദ്ധതിയുടെ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുത്തത് മൂലം ഉണ്ടാകുന്ന സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനായി യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷനെ നിയോഗിച്ചു. പദ്ധതി മൂലമുണ്ടാകുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ കണ്ടെത്തുകയും ചെയ്യുക എന്നതാണ് പഠന യൂണിറ്റിന്റെ ഉത്തരവാദിത്വം.

## 3.2 സാമൂഹ്യ പ്രത്യാഘാത നിർണ്ണയവും സാമൂഹ്യ പ്രത്യാഘാത പദ്ധതി നിർവ്വഹണം തയ്യാറാക്കൽ പ്രക്രിയയും

ജനങ്ങളുടെ ഭൗതീകമോ സാമ്പത്തികമോ ആയ കുടിയൊഴിപ്പിക്കലിന് കാരണമായിട്ടുണ്ടെങ്കിൽ, അങ്ങനെയുള്ള സാമൂഹ്യ പ്രത്യാഘാതങ്ങളുടെ വിലയിരുത്തൽ നടത്തുകയും അതിനാവശ്യമായ പുനരധിവാസപദ്ധതി നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്. പദ്ധതി മൂലം നഷ്ടപ്പെടുന്ന ഉപജീവനമാർഗ്ഗം അതിൽ കുറയാത്ത രീതിയിൽ തന്നെ പദ്ധതി നിർവ്വഹണത്തിന് ശേഷം പുനസ്ഥാപിക്കപ്പെട്ടുവെന്ന് സാമൂഹ്യ പ്രത്യാഘാത നിർവഹണ പദ്ധതിയിൽ ഉറപ്പ് വരുത്തേണ്ടതാണ്. സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ രൂപരേഖ തയ്യാറാക്കുമ്പോൾ പഠനസംഘം ചില ആവശ്യ ഘടകങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. അവയാണ്. 1. പദ്ധതിയുടെ സാമൂഹികവും സാമ്പത്തികവുമായ പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള അറിവ്. 2. ഏറ്റെടുക്കലും അതിന്റെ നഷ്ടപരിഹാരവും സംബന്ധിച്ചുള്ള നിയമപരമായ വിവരങ്ങളെക്കുറിച്ചുള്ള അറിവ്.

സാമൂഹ്യ പ്രത്യാഘാതങ്ങളുടെ വിലയിരുത്തൽ പഠനത്തിന്റെ സമീപനവും പദ്ധതി ശാസ്ത്രവുമാണ് ചിത്രം 3.1ൽ ഫ്ളോ ചാർട്ട് രൂപത്തിൽ നൽകിയിരിക്കുന്നത്. കൂടാതെ, പഠനത്തിന്റെ വിവിധ ഘട്ടങ്ങളെക്കുറിച്ചുള്ള വിശദമായ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

## ചിത്രം 3.1 സാമൂഹ്യ പ്രത്യാഘാത പഠന രീതിയും മാർഗ്ഗങ്ങളും

### ഘട്ടം 1 സർവ്വേക്ക് മുമ്പുള്ള പ്രവർത്തികൾ

| സാമൂഹ്യ അവലോകനവും പ്രാഥമിക കൂടിയാലോചനയും | പ്രാഥമിക സർവ്വേയും വാതിൽപ്പുറ ജോലിയുടെ ആരംഭവും |
|---|---|
| • വിശദമായ പദ്ധതി അവലോകനം<br>• പദ്ധതി രൂപരേഖ തയ്യാറാക്കൽ<br>• RFCT in LARR നിയമം 2013<br>• ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട സംസ്ഥാന നിയമം | • പ്രാരംഭ പഠനം<br>• തയ്യാറെടുപ്പും സർവ്വേ ഉപകരണങ്ങളുടെ പരിശോധനയും<br>• വിവര ശേഖരണത്തിനായുള്ള സംഘങ്ങളെ കണ്ടെത്തൽ<br>• പ്രഥമ റിപ്പോർട്ടിന്റെ അന്തിമരൂപം നൽകൽ |

### ഘട്ടം 2 വിവര ശേഖരണ രീതിയും നടത്തിപ്പും നിർവ്വഹണ സംവിധാനം

| പദ്ധതി ബാധിത കുടുംബങ്ങൾ/ ജനങ്ങൾ സമൂഹം | പദ്ധതി നടപ്പിലാക്കാനാവശ്യമായ സജ്ജീകരണങ്ങൾ |
|---|---|
| • ഫീൽഡ് സ്റ്റാഫിന് പരിശീലനം നൽകൽ<br>• പദ്ധതി ബാധിത കുടുംബാംഗങ്ങളുമായി നടത്തിയ വിവര ശേഖരണം<br>• ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചകൾ | • നിയമപരമായ നയങ്ങളുടെയും നിയന്ത്രണങ്ങളുടെയും വിശകലനം<br>• പുനരധിവാസ പദ്ധതിയെക്കുറിച്ച് സ്ഥലത്തെ ഉദ്യോഗസ്ഥരുമായുള്ള വിശകലനം<br>• വിവരങ്ങളുടെ വിശകലനം<br>• വിവരശേഖരണവും വിശകലനവും പ്രത്യാഘാത വിലയിരുത്തലിന്റെ കരട് രൂപം |

### ഘട്ടം 3 സർവ്വേക്ക് ശേഷമുള്ള പ്രവർത്തികളും വിശകലന രൂപ രേഖയും

| വിവരങ്ങൾ പട്ടിക രൂപത്തിലാക്കുകയും വിശകലന രൂപരേഖയും | സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ടിൻമേലുള്ള ആലോചനകൾ |
|---|---|
| • വിവരങ്ങളുടെഏകോപനവും ക്രോഡീകരണവും രേഖപ്പെടുത്തലും<br>• സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ടിന്റെ അന്തിമമായ രൂപപ്പെടുത്തൽ<br>• സർവ്വേയിലൂടെലഭിച്ചവിവരങ്ങളുടെ വിശകലനം<br>• കരട് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ടിന്റെ കരട് രേഖ തയ്യാറാക്കലും സമർപ്പിക്കലും | • പബ്ലിക് ഹിയറിങ് സംഘടിപ്പിക്കൽ<br>• സാമൂഹ്യ പ്രത്യാഘാതങ്ങൾ വിലയിരുത്തലിന്റെ ഭാഗമായി കണ്ടെത്തിയ കാര്യങ്ങൾ പദ്ധതി ബാധിത ജനങ്ങളുമായും കൂടിയാലോചിക്കൽ<br>• തൽപര കക്ഷികളുമായി അവരുടെ ആശങ്കകൾ പങ്കുവയ്ക്കൽ<br>• ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അവലോകനവും അഭിപ്രായങ്ങളും<br>• അഭിപ്രായങ്ങളുടെ സംയോജനവും അന്തിമസാമൂഹ്യ പ്രത്യാഘാത പഠനറിപ്പോർട്ട് സമർപ്പിക്കൽ |

## 3.3. ഡെസ്ക് റിസർച്ച്

പഠന സംഘം പ്രസക്തമായ രേഖകൾ റിപ്പോർട്ടുകൾ, പദ്ധതി രൂപരേഖകൾ എന്നിവ വിശദമായി പരിശോധിച്ചു.

## 3.4. പഠനസംഘത്തെക്കുറിച്ചുള്ള വിവരങ്ങൾ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിന്റെ അധ്യക്ഷനായ യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷന്റെ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നേതൃത്വത്തിൽ വിവിധ സാമൂഹ്യ സാമ്പത്തിക സർവ്വേകളും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തലും നടത്തിയ അനുഭവസമ്പത്തുള്ള 6 പേരടങ്ങുന്ന സംഘമാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തലിനു വേണ്ടിയുള്ള വിവര ശേഖരണവും ഏകോപനവും നടത്തിയത്. വികസന/നിയമ മേഖലകളിലെ വിദഗ്ദരുടെ സേവനവും സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനും റിപ്പോർട്ട് തയ്യാറാക്കുന്നതിനും പ്രയോജനപ്പെടുത്തി. കൂടാതെ പ്രത്യാഘാത ബാധിത പ്രദേശങ്ങൾ കണ്ടെത്തുവാൻ റവന്യൂ ഉദ്യോഗസ്ഥ പ്രതിനിധികളുടെ സഹായവും ഉണ്ടായിരുന്നു.

| ക്രമ നമ്പർ | പേര് | സ്ഥാനം, യോഗ്യത, പ്രവർത്തി പരിചയം |
|---|---|---|
| 1. | ജോസ് പരുത്തുവയലിൽ | MSW, Director, 22 വർഷത്തെ SIA യൂണിറ്റിൽ പ്രവർത്തിപരിചയം |
| 2. | കുര്യാക്കോസ് ജോർജ് | പ്രൊജക്റ്റ് കോർഡിനേറ്റർ, LLB വികസന മേഖലയിൽ 15 വർഷത്തെ പ്രവർത്തിപരിചയം |
| 3. | ബൈജു പി.ടി | റിസർച്ച് അസോസിയേറ്റ്, MSW വികസന മേഖലയിൽ 10 വർഷത്തെ പ്രവർത്തി പരിചയം |
| 4. | സവിത സജീഷ് | റിസർച്ച് അസോസിയേറ്റ്, B.A, വികസന മേഖലയിൽ 2 വർഷത്തെ പ്രവർത്തി പരിചയം |
| 5 | ജിനു ജോസഫ് | റിസർച്ച് അസോസിയേറ്റ്, B.Com, I.C.W. വികസന മേഖലയിൽ 2 വർഷത്തെ പ്രവർത്തി പരിചയം |
| 6 | മിനി ജിബിഷ് | റിസർച്ച് അസോസിയേറ്റ്, B.A വികസന മേഖലയിൽ 2 വർഷത്തെ പ്രവർത്തി പരിചയം |

## 3.5 ദ്വിതീയ സ്രോതസ്സുകളിൽ നിന്നുള്ള വിവരങ്ങൾ

മുൻപ് നടത്തിയിട്ടുള്ള പഠനങ്ങളിൽ നിന്നും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ശേഖരിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയാണ് ദ്വിതീയ സ്രോതസ്സുകളിൽ നിന്നുള്ള വിവരങ്ങൾ തയ്യാറാക്കിയത്. പദ്ധതി ബാധിത പ്രദേശങ്ങളിൽ നടത്തിയ സർവ്വേയിൽ പദ്ധതപദ്ധതി ബാധിത പ്രദേശങ്ങളിൽ നടത്തിയ സർവ്വേയിൽ പദ്ധതി ബാധിതരുടെ വിവരങ്ങളും അവിടുത്തെ ജനങ്ങളുടെ ഭൗതികവും സാമൂഹികവും സാമ്പത്തികവും സാംസ്ക്കാരികവുമായ അവസ്ഥകളെക്കുറിച്ചും മനസ്സിലാക്കുവാൻ സാധിച്ചു.

## 3.6. പദ്ധതിബാധിതപ്രദേശ സന്ദർശനവും പദ്ധതിവിവര പ്രചരണവും

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തലിന്റെ വിശദമായപഠനം ആരംഭിക്കുന്നതിന് മുൻപ് സാമൂഹ്യ സാമ്പത്തിക സർവ്വേയുടെ സ്ഥല സന്ദർശനവും പ്രാരംഭപഠനവും നടത്തി. കൂടാതെ പദ്ധതി ബാധിതരുമായി സംസാരിക്കുകയും അവരുടെ പ്രതികരണങ്ങൾ രേഖപ്പെടുത്തുകയും ചെയ്തു. അഭിമുഖം സംഭാഷണ ഷെഡ്യൂളിൽ ആവശ്യമായ കൂട്ടിച്ചേർക്കലുകളും തിരുത്തലുകളും സംഘം നടത്തി. തൃശ്ശൂർ ജില്ലാ കളക്ടറുടെ ഉത്തരവ് നമ്പർ DCTSR/122/2019/E4 തീയതി 24/06/2019 പ്രകാരം 2019 ജൂലൈ മാസം, സംഘം സ്ഥലം സന്ദർശിക്കുകയും പദ്ധതി രൂപരേഖയിൽ ഉൾപ്പെട്ട പ്രദേശങ്ങൾ വ്യക്തമായി മനസ്സിലാക്കുകയും അതിനുശേഷം പദ്ധതി ബാധിത പ്രദേശത്തെ ജനങ്ങളുമായി പദ്ധതിയെക്കുറിച്ച് സംസാരിക്കുകയും അവരിൽ ഇതിനെക്കുറിച്ചുള്ള അവബോധം ഉണ്ടാക്കിയെടുക്കുകയും ചെയ്തു.








sreedhari

## 3.7. സ്ഥിതിവിവര ക്രോഡീകരണവും, പരിശോധനയും

വിശകലനത്തിനും വിലയിരുത്തലിനുമായി ശേഖരിച്ച മുഴുവൻ സ്ഥിതിവിവരങ്ങളും ക്രോഡീകരിക്കുകയും, ആവശ്യമായ പരിശോധനകൾ നടത്തുകയും ചെയ്തു. കൂടാതെ ലഭിക്കാതിരുന്ന വിവരങ്ങൾ സമയാസമയങ്ങളിൽ ശേഖരിച്ച് ഡാറ്റാ പരിഷ്കരിക്കുകയും ചെയ്തു. ഡാറ്റയിൽ പിഴവുകൾ സംഭവിക്കാതിരിക്കാൻ ആവശ്യമായ മുൻകരുതലുകൾ സംഘങ്ങൾ എടുത്തിരുന്നു.

## 3.8 നിലവിലെ ശീധരിപാലത്തിന്റെ അവസ്ഥ

നിലവിലെ നടപ്പാലം തകർന്ന അവസ്ഥയിലാണ്. പാലത്തിന്റെ അടിത്തറയ്ക്ക് ബലക്ഷയം സംഭവിച്ചിട്ടുണ്ട്.





## പബ്ലിക് ഹിയറിംഗ്

14(1) ൽ ഫോം 5 അനുസരിച്ച് 2019 ഒക്ടോബർ 11-ാം തീയതി നടത്തറ പഞ്ചായത്ത് ഹാളിൽ ഒരു പബ്ലിക് ഹിയറിംഗ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ പങ്കെടുക്കുന്ന ജനങ്ങളുടെ ആശങ്കകളും സംശയങ്ങളും ബന്ധപ്പെട്ട അധികാരികൾ നൽകുന്ന മറുപടിയും അന്തിമ റിപ്പോർട്ടിൽ ഉൾപ്പെടുത്തും.

## അദ്ധ്യായം 4

# സ്ഥലത്തിന്റെ മൂല്യ നിർണ്ണയം

### 4.1 പശ്ചാത്തലം

പദ്ധതിബാധിത കുടുംബങ്ങളെയും വ്യക്തികളെയും ഉൾപ്പെടുത്തിക്കൊണ്ട് 2019 ജൂലൈ മാസത്തിൽ എസ്.ഐ.എ യൂണിറ്റ് പദ്ധതി പ്രദേശത്ത് സാമൂഹ്യ സാമ്പത്തിക സർവ്വേ നടത്തുകയുണ്ടായി. ഓരോ കുടുംബങ്ങളുടെയും വസ്തുവകകൾ, വരുമാനം, ഉപജീവനമാർഗ്ഗം എന്നിവയെ നിർദ്ദിഷ്ടപദ്ധതി എങ്ങനെ ബാധിക്കാം എന്ന് ഈ സർവ്വേയിലൂടെ മനസിലാക്കാൻ സാധിച്ചു. മുൻകൂട്ടി തയ്യാറാക്കിയ ചോദ്യാവലിയാണ് ഇതിനായി ഉപയോഗിച്ചത്. പദ്ധതിബാധിത കുടുംബങ്ങളുടെ സാമൂഹ്യ സാമ്പത്തിക ഘടന, വസ്തുവകകളുടെ തരം, സ്വത്തിൻമേലുള്ള അവകാശം, എന്തൊക്കെ പ്രത്യാഘാതങ്ങൾ ഉണ്ടായേക്കാം അതിന്റെ വ്യാപ്തി, ബാധിക്കുന്ന വസ്തുവകകളുടെ വിവരങ്ങൾ എന്നിവ നിർണ്ണയിക്കുകയായിരുന്നു ഈ സർവ്വേയുടെ പ്രധാന ലക്ഷ്യം. സർവ്വേയുടെ പ്രധാന കണ്ടെത്തലുകളും പ്രശ്നത്തിന്റെ വ്യാപ്തിയും താഴെ ചേർക്കുന്നു.

### 4.2 പദ്ധതി സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം

പദ്ധതിക്കായി സ്ഥലം വിട്ടുകൊടുക്കുന്നവർക്ക് നഷ്ടപരിഹാരം ലഭിക്കേണ്ടവരുടെ സാമൂഹ്യ സാമ്പത്തിക പ്രത്യാഘാതമാണ് പട്ടിക 4.1 ൽ ഉള്ളത്.

| ക്രമ നമ്പർ | വ്യക്തിയുടെ മേൽവിലാസം | സർവ്വെ നമ്പർ | ഉന്നയിച്ചപ്രശ്നങ്ങൾ/ആവശ്യങ്ങൾ |
|---|---|---|---|
| 1. | എം.വി. തോമസ്,<br>മറിയക്കുട്ടി തോമസ്<br>w/o എം.വി. തോമസ്<br>മുട്ടത്ത് വീട് | പീച്ചിവില്ലേജ്<br>2638/1,<br>2638/3<br>മുളയം-64pt,<br>627/1, 627/3 | പദ്ധതി പ്രദേശമായി വന്നിരിക്കുന്ന സ്ഥലത്ത് 10 തെങ്ങ്, 7 തേക്ക്, 1 ജാതി എന്നിവ ഉൾപ്പെടുന്നു. എം.വി. തോമസ്, ഭാര്യ മറിയക്കുട്ടി തോമസിന്റെയും പേരിലാണ് സ്ഥലം ഉള്ളത്. എം.വി. തോമസിന്റെ പേരിൽ രണ്ടു വില്ലേജിലായാണ് സ്ഥലം കിടക്കുന്നത്. ഇവർ വിദേശത്തായതിനാൽ ഇവരുടെ ബന്ധുവായ ജോർജ്ജ് എന്ന വ്യക്തിയാണ് വിവരങ്ങൾ നൽകിയത്. സ്ഥലം വിട്ടുതരാൻ സമ്മതമാണെന്ന് അറിയിച്ചു. |
| 2 | തോമസ് ഭാര്യ സൂസമ്മ<br>നിരപ്പിലാവുകൽ<br>ചാലാംപാടം<br>കൂട്ടാല പി.ഒ. | മുളയം<br>വില്ലേജ്<br>348,<br>627/1,2,3 | പദ്ധതി പ്രദേശമായി വന്നിരിക്കുന്ന സ്ഥലത്ത് മതിലും ഗേറ്റും കിണറും ഉൾപ്പെടുന്നു. കൂടാതെ 10 തെങ്ങും നഷ്ടമാകുന്നു. ജലസ്രോതസ്സായ കിണറും വീടിന്റെ മതിലും ഒഴിവാക്കണമെന്ന് ഇദ്ദേഹം ആവശ്യപ്പെട്ടു. കിണർ ഒഴിവാക്കണമെന്നും അലൈന്റ്മെന്റിൽ കുറച്ച് മാറ്റം വരുത്തണമെന്നും |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട അധികാരികളോട് അറിയിച്ചിരുന്നെന്ന് ഇദ്ദേഹം പറഞ്ഞു. ശ്രീധരിപാലം മണ്ണിട്ട് പൊക്കി ഉയരത്തിലാണെങ്കിൽവീട് താഴേയ്ക്കായി പോകുമെന്ന് ഇത് വീടിനെ ബാധിക്കുമെന്നും അറിയിച്ചു. |
| 3 | വാസുദേവൻ നമ്പൂതിരി, ശ്രീധരി ആയുർവേദിക് റിസോർട്ട്, കൂട്ടാല പി.ഒ. | 79 | പദ്ധതി പ്രദേശമായി വന്നിരിക്കുന്നത് ശ്രീധരി ആയുർവേദിക് റിസോർട്ടിന്റെ മുൻപിലുള്ള സ്ഥലമാണ്. നിർദ്ദിഷ്ട പദ്ധതി വന്നു കഴിഞ്ഞാൽ ശാന്തമായ അന്തരീക്ഷം നഷ്ടപ്പെടുമെന്നും ഇത് റിസോർട്ടിന്റെ വരുമാനത്തെ ബാധിക്കുമെന്ന് സ്ഥലമുടമ അറിയിച്ചു. പദ്ധതി പ്രദേശത്ത് മാവ്, തേക്ക്, ചെറുമരങ്ങൾ,മതിൽ എന്നിവ ഉൾപ്പെടുന്നു.ഇതൊരു പൊതുവികസനത്തിനായതിനാൽ സ്ഥലം വിട്ടുകൊടുക്കാൻസമ്മതമാണെന്ന് അറിയിച്ചു ആയുർവ്വേദ റിസോർട്ടിന്റെ പേരായ ശ്രീധരിയെന്ന പേരിലാണ് ഈ പാലം അറിയപ്പെടുന്നത്. |
| 4 | സി. ഉണ്ണികൃഷ്ണൻ s/o മാധവൻ മേനോൻ തെക്കൂട്ട്, മാധവൻമേനോൻ റോഡ്, മണ്ണുത്തി പി.ഒ.,പിൻ 680651 | 79,<br>80,<br>81. | പദ്ധതി പ്രദേശമായി വന്നിരിക്കുന്ന സ്ഥലത്ത് മതിലും ഗേറ്റും കൂടാതെ കായ്ഫലമുള്ള ജാതി, തെങ്ങ് എന്നിവയും നഷ്ടപ്പെടുന്നു. ആയതിനാൽ ന്യായമായ നഷ്ടപരിഹാരം നൽകണമെന്ന് അറിയിച്ചു. ഇദ്ദേഹത്തിന്റെ സഹോദരി (വികലാംഗ) കിടപ്പുരോഗിയാണ്. |
| 5 | അലക്സ് M ബേബി (രഞ്ജി), മണിയറ്റ്, ചാലാംപാടം, കൂട്ടാല പി.ഒ.,കൂട്ടാല (സഹോദരൻ സ്റ്റീഫൻ ജോൺ) | 80 | പദ്ധതി ബാധിത പ്രദേശത്ത് 4 തെങ്ങ്, മതിൽ എന്നിവ നഷ്ടപ്പെടുന്നു.ടിയാൾമതിൽപണിതപ്പോൾപഞ്ചാത്ത് കെട്ടിൽ നിന്നും 1 അടി തള്ളിയാണ് പണിതത്. പിന്നീടാണ് പാലംവരുന്നത്അറിഞ്ഞത്.സ്ഥലംസഹോദരനും അവകാശമുണ്ടെന്നും,ന്യായമായ നഷ്ടപരിഹാരം നൽകണമെന്നും അറിയിച്ചു. |
| 6. | തോമസ് ജോസഫ് താഴത്തുവീട്ടിൽ കൂട്ടാല പി.ഒ. | 80 | പദ്ധതിബാധിത പ്രദേശമായി വന്നിരിക്കുന്ന സ്ഥലത്ത് മതിലും ഗേറ്റും ഉൾപ്പെടുന്നു. കൂടാതെ 7 തെങ്ങ്, 3 ജാതി എന്നിവയും നഷ്ടപ്പെടുന്നു. സ്ഥലം വിട്ട് തരാൻ സമ്മതമാണെന്ന് അറിയിച്ചു.ഇദ്ദേഹത്തിന്റെ മകൾ സ്ഥിരരോഗിയാണ് |
| 7. | പോൾ മാത്യു, മുളംകുഴിയിൽ വീട്, കൂട്ടാല പി.ഒ | 81 | പദ്ധതി ബാധിത പ്രദേശത്ത് തെങ്ങ്, ജാതി, കവുങ്ങ് എന്നിവ ഉൾപ്പെടുന്നു.ആയതിനാൽഇതിൽനിന്നുള്ളവരുമാനം നഷ്ടപ്പെടുന്നു.ന്യായമായ നഷ്ടപരിഹാരം നൽകണമെന്നും സ്ഥലം വിട്ടുതരാൻ സമ്മതമാണെന്ന് അറിയിച്ചു. |
| 8. | സാംകുട്ടി ഫിലിപ്, കടയാട്ടി, താന്നിക്കുടം, കുറിച്ചിക്കര പി.ഒ., പിൻ 680028 | 81 | പദ്ധതി ബാധിത പ്രദേശം 6 തെങ്ങും, മുള്ളുവേലിയും നഷ്ടപ്പെടുന്നു. പൊതുവികസനത്തിനുവേണ്ടി ആയതിനാൽ സ്ഥലം വിട്ട് തരാൻ സമ്മതമാണെന്ന് അറിയിച്ചു. |

| | | | |
|---|---|---|---|
| 9. | റ്റി.എം. ജോസഫ് തണ്ണിനാൽ, കൂട്ടാല പി.ഒ | 83 | പദ്ധതി ബാധിതപ്രദേശത്തെമോട്ടർ ഷെഡ്,3 തെങ്ങ് ഉൾപ്പെടുന്നു.നിലവിലുള്ള നഷ്ടപരിഹാരം നൽകണമെന്ന് ആവശ്യപ്പെട്ടു. |
| 10. | എബ്രഹാം, ഭാര്യ വത്സഎബ്രഹാം, നിമ റോണി, റോണി ജോർജ്ജ്), അഭിഭവൻ, 1st അവന്യു, അവന്യു റോഡ്, തൃശ്ശൂർ | 83 | സ്ഥലം വിട്ടുതരാൻ സമ്മതമാണെന്നും ന്യായമായ നഷ്ടപരിഹാരം നൽകണമെന്നും അറിയിച്ചു. |
| 11. | മേരിക്കുട്ടി, കൈതമംഗലത്ത്, കൂട്ടാല | 98 | പദ്ധതി ബാധിത പ്രദേശത്ത് ഇപ്പോൾ കപ്പ കൃഷിയാണ്. അതിൽനിന്ന് ഒരു ചെറിയ ഭാഗം മാത്രമേ ഉൾപ്പെടുന്നുള്ളൂ. സ്ഥലംവിട്ടുകൊടുക്കുവാൻ സമ്മതമാണ് എന്ന് അറിയിച്ചു.വിവരങ്ങൾ നൽകിയത് ജോൺസൺ ആണ്. |
| 12.<br>. | ജോയ് (late), ഭാര്യ മേരി തണ്ണിനാൽ | 84<br>89/2<br>83<br>514 | പദ്ധതി ബാധിത പ്രദേശങ്ങളായി 4 സർവ്വെ നമ്പറുകൾ ഉൾപ്പെടുന്നു. ഈ സർവ്വെ നമ്പറുകളിൽ പാടം, കിണർ, വീടിന്റെ മൂല, മതിൽ, ഗേറ്റ് എന്നിവ നഷ്ടപ്പെടുന്നു. ഇതിനുമുമ്പ് രണ്ടു തവണ റോഡിന് വേണ്ടിയും, ഗ്യാസ് പൈപ്പ് ലൈന് വേണ്ടിയും സ്ഥലം വിട്ടുകൊടുക്കേണ്ടിവന്നിട്ടുണ്ട്. പാടം വിട്ട് തരാൻ സമ്മതമാണെന്ന് അറിയിച്ചു. എന്നാൽ കിണറും വീടിന്റെ ഭാഗവും ഒഴിവാക്കി തരണമെന്ന് ആവശ്യപ്പെട്ടു. ഏറ്റവും അധികം കഷ്ടനഷ്ടങ്ങൾ അനുഭവിക്കേണ്ടി വരുന്നതിനാൽ അലൈൻമെന്റിൽ കുറച്ച് മാറ്റം വരുത്തണമെന്ന് ആവശ്യപ്പെട്ടു |
| 13. | എളമറ്റത്ത് ജോൺ മകൻ എബ്രഹാം<br>എബ്രഹാം ഭാര്യ ഷാലി എബ്രഹാം | 84,<br>73 | പദ്ധതി ബാധിത പ്രദേശങ്ങളായി രണ്ടു സർവ്വെ നമ്പറുകൾ ഉൾപ്പെടുന്നു. ഈ സർവ്വെ നമ്പറുകളിൽ മതിലും ഗേറ്റും കൂടാതെ 7 തെങ്ങ്, 1 റംബൂട്ടാൻ, എന്നിവ ഉൾപ്പെടുന്നു. നിർദ്ദിഷ്ട പദ്ധതിക്കു വേണ്ടി സ്ഥലം വിട്ട് തരാൻ സമ്മതമാണെന്ന് അറിയിച്ചു. |
| 14. | പൗലോസ്,' ചെമ്പകശ്ശേരി കൂട്ടാല പി.ഒ., കൂട്ടാല | 84 | നിർദ്ദിഷ്ട പദ്ധതിയെ സന്തോഷത്തോടെ സ്വാഗതം ചെയ്യുന്നുവെന്ന് അറിയിച്ചു. |
| 15. | ജോൺ കെ.എ., കദളിക്കാട്ടിൽ, ചാലാംപാടം കൂട്ടാല പി.ഒ., കൂട്ടാല | 84 | പദ്ധതി ബാധിത പ്രദേശത്ത് പുല്ല് കൃഷിയാണുള്ളത്.അതിൽ നിന്ന് ഒരു ചെറിയ ഭാഗം മാത്രമേ ഉൾപ്പെടുന്നുള്ളൂ. ന്യായമായ നഷ്ടപരിഹാരം ആവശ്യപ്പെട്ടു. |
| 16. | മാത്യു കെ.എ, കദളിക്കാട്ടിൽ, ചാലാംപാടം, കൂട്ടാല പി.ഒ. | 84 | ന്യായമായ നഷ്ടപരിഹാരം നൽകണമെന്നും പദ്ധതിക്കു വേണ്ടി സ്ഥലം വിട്ടുകൊടുക്കാൻ സമ്മതമാണെന്നും അറിയിച്ചു. |

| | | | |
|---|---|---|---|
| 17. | പോൾ കെ.എ.,<br>കദളിക്കാട്ടിൽ,<br>ചാലാംപാടം, കൂട്ടാല പി.ഒ. | 84 | ടിയാൾ കർഷകനാണ്. റോഡിനു വേണ്ടി ഇതിനുമുമ്പ് സ്ഥലം എടുത്തിട്ടുണ്ട്.ആയതിനാൽ ന്യായമായ നഷ്ടപരിഹാരം നൽകുകയാണെങ്കിൽ സ്ഥലം വിട്ട് തരാൻ സമ്മതമാണെന്ന് അറിയിച്ചു. |
| 18. | ഷിനി<br>W/o ഗോപാലകൃഷ്ണൻ,<br>ഗോപാലകൃഷ്ണൻ,<br>കോക്കത്തറ | **74** | പദ്ധതി ബാധിത പ്രദേശത്ത് 2 തെങ്ങ് ഉൾപ്പെടുന്നു. പദ്ധതിക്കുവേണ്ടി സ്ഥലം വിട്ടുതരാൻ സമ്മതമാണെന്ന് അറിയിച്ചു |
| 19. | പൈലി, താന്നിക്കാട്ട്,<br>കൂട്ടാല പി.ഒ. | 73, 514 | പദ്ധതിബാധിതപ്രദേശത്ത് മതിലും ഗേറ്റും കൂടാതെ2 തെങ്ങും, 1 ജാതി, 2 മാവ്, 1 പേരമരം എന്നിവയും കൃഷിക്കുപയോഗിക്കുന്ന പൈപ്പും നഷ്ടപ്പെടുന്നു. സ്ഥലം വിട്ട് തരാൻ സമ്മതമാണെന്ന് അറിയിച്ചു |
| 20. | തോമസ്, പാലോലിക്കൽ,<br>കൂട്ടാല പി.ഒ. | 88, 513/1, 514 | പദ്ധതി ബാധിത പ്രദേശങ്ങളായി 3 സർവ്വെ നമ്പറുകൾ ഉൾപ്പെടുന്നു. ഈ സർവ്വെ നമ്പറുകളിൽ കൽക്കെട്ടും തുറസ്സായ സ്ഥലവും ഉൾപ്പെടുന്നു. |
| 21. | പുതിയേടത്ത് വർഗ്ഗീസ്<br>ഭാര്യ അച്ചാമ്മ (late), ബെന്നി | 514/2 | വീടിന്റെ മതിലും പില്ലറും കൂടാതെ 8 തെങ്ങും 1 മാവും ഉൾപ്പെടുന്നു |
| 22. | ഫർണീച്ചർ ഷോപ്പ്<br>ബെന്നി, പുതിയേടത്ത് | 514/2 | ഫർണിച്ചർഷോപ്പിന്റെമതിലുംതിണ്ണയുംനഷ്ടമാകുന്നു. സ്ഥലം വിട്ടുതരാൻ സമ്മതമാണെന്ന് അറിയിച്ചു. |
| 23. | രാമൻ കല്യാണി<br>കിഴക്കേ വീട്ടിൽ,<br>കൂട്ടാല പി.ഒ. | 88 | പദ്ധതിബാധിത പ്രദേശമായി വന്നിരിക്കുന്നത് കൽക്കെട്ടും കിണറിന്റെ അരിക് വശവുംആണ്. പദ്ധതിക്കുവേണ്ടി സ്ഥലം ഏറ്റെടുത്തതിന് ശേഷം അവശേഷിക്കുന്ന സ്ഥലത്ത് പുതിയൊരു കൽക്കെട്ട് നിർമ്മിച്ചുകൊടുക്കണമെന്ന് ആവശ്യപ്പെട്ടു.പദ്ധതിക്കുവേണ്ടി സ്ഥലം വിട്ട് നൽകുവാൻ സമ്മതം ആണ് എന്ന് അറിയിക്കുകയും ചെയ്തു. വിവരങ്ങൾ നൽകിയത് സുബ്രഹ്മണ്യൻ (9562269629), ജയപ്രകാശൻ (8921738419, ശിവദാസൻ (8943592868), രാധ |
| 24. | നാഗൻ മകൻ<br>സുബ്രഹ്മണ്യൻ,<br>വടക്കുംചേരി,<br>കൂട്ടാല പി.ഒ., കൂട്ടാല | 88 | പദ്ധതിബാധിതപ്രദേശമായി വന്നിരിക്കുന്ന സ്ഥലത്ത് കൽക്കെട്ട് ഉൾപ്പെടുന്നു. റോഡിന് വേണ്ടി 2 തവണ സ്ഥലം വിട്ട് കൊടുത്തിട്ടുണ്ട്. ആയതിനാൽ സ്ഥലം വിട്ട് തരാൻ സമ്മതമല്ലെന്ന് അറിയിച്ചു. |

| | | | |
|---|---|---|---|
| 25. | ശശി ഭാര്യ ഓമന,<br>കോട്ടപറമ്പിൽ,<br>കൂട്ടാല പി.ഒ. | 88 | ടിയാൾക്ക് ആകെയുള്ള രണ്ടേമുക്കാൽ സെന്റിൽ നിന്നുമാണ് പദ്ധതിയ്ക്കു വേണ്ടി സ്ഥലം പോകുന്നത്. ഈ സ്ഥലത്ത് 1 മാവ്, 1 പ്ലാവ് ഉൾപ്പെടുന്നു. വീട് പൊക്കത്തിലായതിനാൽ സ്ഥലം ഏറ്റെടുക്കുമ്പോൾ ആ വശത്തെ മണ്ണ് ഇടിഞ്ഞു പോകുമെന്നും ഇത് വീടിനെ ബാധിക്കുമെന്നും അറിയിച്ചു. യാതൊരു ബുദ്ധിമുട്ടുകളുമുണ്ടാകാതെ സ്ഥലം ഏറ്റെടുക്കണ മെന്നും പദ്ധതി വരുന്നതിൽ എതിർപ്പില്ലെന്ന് അറിയിച്ചു. ടിയാളുടെ മകളായ സന്ധ്യ ഫോൺ മുഖാന്തിരമാണ് വിവര ങ്ങൾ നൽകിയത്. |
| 26. | സുബ്രൻ കോട്ടപറമ്പിൽ,<br>കൂട്ടാല പി.ഒ.<br>അവകാശികൾ (4 മക്കൾ) | 88 | പദ്ധതി ബാധിതമായി വന്നിരിക്കുന്നത് സ്ഥലമാണ്. ആകെ യുള്ള 12 സെന്റിൽ നിന്നും കുറച്ച് ഭാഗമാണ് നഷ്ടമാകുന്ന ത്. സ്ഥലം വിട്ടുതരാൻ സമ്മതമാണെന്നും ന്യായമായ നഷ്ടപരിഹാരം നൽകണമെന്നും അറിയിച്ചു. ടിയാളുടെ മരുമകളായ ഓമന ഫോൺ മുഖാന്തിരമാണ് വിവരങ്ങൾ നൽകിയത്. |
| 27 | സരോജിനി, കയ്യാലയ്ക്കൽ,<br>കൂട്ടാല മിൽക്ക്<br>സൊസൈറ്റി കൂട്ടാല പി.ഒ | 87,88 | പദ്ധതി ബാധിത പ്രദേശത്ത് 3 തെങ്ങ്, പ്ലാവ്, മാവ് എന്നിവ ഉൾപ്പെടുന്നു. സ്ഥലം വിട്ട് തരാൻ സമ്മതമാണെന്ന് അറിയിച്ചു |
| 28. | സുനിൽകുമാർ കെ.ആർ.,<br>കയ്യാലയ്ക്കൽ, കൂട്ടാലപി.ഒ. | 87,88 | പദ്ധതി ബാധിത പ്രദേശമായി വന്നിരിക്കുന്ന സ്ഥലത്ത് പ്ലാവ്, കൊന്നഎന്നിവയും വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈ നും ഉൾപ്പെടുന്നുണ്ട്. സ്ഥലം വിട്ടുതരാൻ സമ്മതമാ ണെന്ന് അറിയിച്ചു. |
| 29. | വർഗ്ഗീസ് എം.വി,<br>മുളംകുഴിയിൽ (ഖത്തർ)<br>കൂട്ടാല പി.ഒ. | 88 | ടിയാൾ വിദേശത്താണ് താമസം. കൂടുതൽ വിവരങ്ങൾ ലഭി ച്ചിട്ടില്ല. |
| 30. | ഗോപാലൻ മകൻ ചന്ദ്രൻ<br>ഭാര്യ ശോഭ, മലയംതൊടി,<br>കൂട്ടാല പി.ഒ. | 88 | പദ്ധതി ബാധിത പ്രദേശത്ത് കൽക്കെട്ട്, 2 മാവ് തൈകൾ വേപ്പ്, കണിക്കൊന്ന എന്നിവ ഉൾപ്പെടുന്നു. ആകെയുള്ള വീടിരിക്കുന്ന 4 1/2 സെന്റ് സ്ഥലത്ത് നിന്നുമാണ് പദ്ധതിക്കു വേണ്ടി സ്ഥലം പോകുന്നത്. സ്ഥലമെടുത്ത് കഴിയുമ്പോൾ മണ്ണ് ഇടിഞ്ഞ് പോകാൻ സാധ്യതയുള്ളതിനാൽ അവ ശേഷിക്കുന്ന സ്ഥലത്ത് കൽക്കെട്ട് നിർമ്മിച്ചുകൊടുക്കണ മെന്ന് ആവശ്യപ്പെട്ടു. സ്ഥലം വിട്ടുതരാൻ സമ്മതമാണെന്ന് അറിയിച്ചു. (ഫോൺ മുഖാന്തിരമാണ് വിവരങ്ങൾ നൽകിയ ത്. |
| 31. | ദുതാച്ചൻ (Late)<br>ഭാര്യ തുളസി, | 88 | സ്ഥലത്തിന്റെ വളരെ കുറച്ച് ഭാഗമാണ് ഉൾപ്പെടുന്നത്. ചെറിയൊരു മാവിൽ തൈ ഇതിൽ പെടുന്നുള്ളൂ. സ്ഥലം |


| | | | |
|---|---|---|---|
| | താണിക്കപ്പറമ്പിൽ, കൂട്ടാല പി.ഒ., അവകാശികൾ (8 മക്കൾ) വാസു, ശ്രീധരൻ, രാമു, തമ്പി, ചന്ദ്രൻ, ശിവ ദാസൻ,തുളസി, ദേവകി | | വിട്ട് തരാൻ സമ്മതമാണെന്ന് അറിയിച്ചു. (ഫോൺ മുഖാന്തിരമാണ് (ലത) വിവരങ്ങൾ നൽകിയത്. |
| 32. | നാഗൻ(Late) ഭാര്യ ലക്ഷ്മി, താണിക്കപ്പറമ്പിൽ, കൂട്ടാല പി.ഒ. അവകാശികൾ (മക്കൾ) രാമചന്ദ്രൻ,കമല, ദേവകി, സാവിത്രി, രവിന്ദ്രൻ, | 87 | പദ്ധതി ബാധിതമായി വന്നിരിക്കുന്നത് സ്ഥലമാണ്. ആകെയുള്ള 10 സെന്റിൽ നിന്നും കുറച്ച് ഭാഗമാണ് നഷ്ടമാകുന്നത്. ലക്ഷ്മി വിധവയാണ്. ടിയാൾക്ക് അഞ്ച് മക്കൾക്ക് അവകാശപ്പെട്ട സ്ഥലമാണിത്. സ്ഥലം വിട്ടുതരാൻ സമ്മതമാണെന്ന് അറിയിച്ചു. |
| 33. | സരോജിനി രാജൻ, താണിക്കപ്പറമ്പിൽ | 88 | പദ്ധതി ബാധിത പ്രദേശത്ത് 2 തെങ്ങ്, മതിൽ എന്നിവ ഉൾപ്പെടുന്നു. സ്ഥലം വിട്ട് തരാൻ സമ്മതമാണെന്ന് അിറയിച്ചു. |
| 34. | അമ്മിണി, ചിറയിൽമറ്റത്തിൽ | 88 | പദ്ധതി ബാധിത പ്രദേശമായി വരുന്ന സ്ഥലത്ത് പ്ലാവ് ഉൾപ്പെടുന്നു. സ്ഥലം വിട്ടുതരാൻ സമ്മതമാണെന്നും ന്യായമായനഷ്ടപരിഹാരംനൽകണമെന്നും അറിയിച്ചു. (ഫോൺ മുഖാന്തിരമാണ് (സഹോദരി തങ്കമ്മ) വിവരങ്ങൾ നൽകിയത്. |
| 35. | തങ്കമ്മ ജോയ്, ചിറയിൽമറ്റത്തിൽ, കൂട്ടാല പി.ഒ | 88 | പദ്ധതി ബാധിത പ്രദേശമായി വരുന്ന സ്ഥലത്ത് തെങ്ങ് ഉൾപ്പെടുന്നു. സ്ഥലം വിട്ടുതരാൻ സമ്മതമാണെന്ന് ന്യായമായ നഷ്ടപരിഹാരം നൽകണമെന്നും അറിയിച്ചു. (ഫോൺ മുഖാന്തിരമാണ് വിവരങ്ങൾ നൽകിയത്. |
| 36. | ദൂതാച്ചൻ, താണിക്കപ്പറമ്പിൽ, കൂട്ടാല പി.ഒ, കൂട്ടാല | 88 | പദ്ധതി പ്രദേശത്ത് കിണർ ഉൾപ്പെടുന്നു. കിണർ ഒഴിവാക്കി അലൈൻമെന്റ് മാറ്റം വരുത്തണമെന്ന് ആവശ്യപ്പെട്ടു. സ്ഥലം വിട്ടു കൊടുക്കാൻ സമ്മതമാണെന്ന് അറിയിച്ചു. |
| 37. | വട്ടു (Late) ഭാര്യ ശാരദ, താണിക്കപ്പറമ്പിൽ | 88 | പദ്ധതിബാധിതപ്രദേശമായി വന്നിരിക്കുന്നത് സ്ഥലമാണ് ഇതിൽ 1 തെങ്ങ് നഷ്ടപ്പെടുന്നു. രണ്ടു സ്ത്രീകൾ മാത്രമാണ് ഇവിടെ താമസം. ആകെയുള്ള വീടിരിക്കുന്ന സ്ഥലത്ത് നിന്നുമാണ് പദ്ധതിക്കുവേണ്ടി സ്ഥലം പോകുന്നത്. വീടിനോട് തൊട്ടടുത്ത റോഡ് വരുന്നതിനാൽ അലൈൻമെന്റ് കുറച്ച് മാറ്റണം എന്ന് ആവശ്യപ്പെട്ടു. |
| 38. | രാമൻ, താണിക്കപ്പറമ്പിൽ, കൂട്ടാല | 88 | പദ്ധതി ബാധിത പ്രദേശത്ത് 3 തെങ്ങ് ഉൾപ്പെടുന്നു. സ്ഥലം വിട്ട് തരാൻ സമ്മതമാണെന്നും ന്യായമായ നഷ്ടപരിഹാരം നൽകണമെന്നും അറിയിച്ചു |
| 39 | ജോബ് സുമ, | 88 | പദ്ധതി ബാധിത പ്രദേശമായി വന്നിരിക്കുന്നത്. കമ്പിവേലി, |


| | | | |
|---|---|---|---|
| | കറുകപറമ്പിൽ,<br>കരിക്കത്ത് ലെയിൻ,<br>എം.ജി. റോഡ്, തൃശൂർ | | ഗേറ്റ്, കൂടാതെ 5 തെങ്ങ്, മാവ്, ദന്തപാല എന്നിവയും ഉൾപ്പെടുന്നു. സ്ഥലം വിട്ട് നൽകുവാൻ സമ്മതമാണ് എന്ന് അറിയിക്കുകയും ചെയ്തു |
| 40. | നാരായണൻ<br>പോക്കളത്ത്<br>കൂട്ടാല പി.ഒ | 88, 513/2 | പദ്ധതി ബാധിത പ്രദേശമായി വരുന്ന സ്ഥലത്ത് 1 തെങ്ങ് ഉൾപ്പെടുന്നു. വീടിന്റെ തൊട്ടടുത്ത് റോഡ് വരുന്നതിൽ ബുദ്ധിമുട്ട് ഉണ്ടെന്ന് അറിയിച്ചു. |
| 41. | വേലായുധൻ (Late)<br>കാർത്ത്യായനി,<br>കിഴക്കേവീട്ടിൽ<br>അവകാശികൾ<br>മീനാക്ഷി,വിമല,<br>രാമൻ (Late) മകൻ<br>അനിൽകുമാർ | 513/2 | പദ്ധതി ബാധിത പ്രദേശത്ത് വീടിന്റെ വളരെ കുറച്ച് ഭാഗം ഉൾപ്പെടുന്നു. ഇവിടെ താമസിക്കുന്ന കാർത്ത്യായനിഎന്ന സ്ത്രീ അവിവാഹിതയും അനാഥയുമാണ്. വീട് പിന്നീട് ഉപ യോഗിക്കാൻ കഴിയില്ലെന്നും വീട് പിറകിലേക്ക് മാറ്റി പണിത് തരണമെന്ന് ആവശ്യപ്പെട്ടു. മറ്റുള്ള അവകാശിക ൾക്ക് ഇത് സമ്മതമാണെന്ന് അറിയിച്ചു. (ഫോൺ മുഖാന്ത ിരമാണ് വിവരങ്ങൾ നൽകിയത്) |
| 42. | മല്ലു, രുഗ്മിണി,<br>കിഴക്കേവീട്ടിൽ,<br>കൂട്ടാല പി.ഒ. | 88 | പദ്ധതി ബാധിത പ്രദേശത്ത് ഒരു പ്ലാവ് ആണ് ഉൾപ്പെടുന്ന ത്. ഇതിനുമുമ്പ് റോഡിന് വേണ്ടി 2 തവണ സ്ഥലം വിട്ട് കൊടുത്തിട്ടുണ്ട്. പദ്ധതിയ്ക്കു വേണ്ടി സ്ഥലം വിട്ടു കൊടു ക്കാൻ സമ്മതമാണ് എന്ന് അറിയിക്കുകയുംചെയ്തു. വിവര ങ്ങൾ നൽകിയത് ശിവരാമൻ ആണ്. |
| 43. | ഈപ്പൻ മകൻ ജോർജ്ജ്,<br>കാഞ്ഞിരപ്പള്ളിൽ,<br>കൂട്ടാല പി.ഒ. | 88 | പദ്ധതി ബാധിത പ്രദേശത്ത് 2 മാവ് ഉൾപ്പെടുന്നു. സ്ഥലം വിട്ടുതരാൻ സമ്മതമാണെന്ന് അറിയിച്ചു. |
| 44. | ലക്ഷ്മണൻ (Late), ഗോപി,<br>കമ്പനി പറമ്പിൽ,<br>കൂട്ടാല പി.ഒ | 513/1 | ടിയാളുടെ ആധാരം സംബന്ധിച്ച് വ്യക്തതയില്ല. (പട്ടയം ലഭി ച്ചിട്ടില്ല) |
| 45. | ജോർജ്ജ്, ചങ്ങാലൂക്കാരൻ,<br>കൂട്ടാല പി.ഒ. | 513/1 | പദ്ധതിബാധിത പ്രദേശത്ത് ഭാഗികമായി വീടും മതിലും ഉൾപ്പെടുന്നു. ഇദ്ദേഹം സ്ഥിരരോഗിയാണ്. |
| 46. | മിൽക്ക് സൊസൈറ്റി<br>കൂട്ടാല | 88 | പദ്ധതി ബാധിത പ്രദേശമായി വന്നിരിക്കുന്നത് 3 കടമുറിക ളാണ്. 3 കടമുറികളും വാടകയ്ക്ക് കൊടുത്തിരിക്കുകയാ ണ്. അതിൽ 1 മുറി ശോഭ എന്ന വ്യക്തിക്ക് തയ്യൽക്കട യ്ക്കും, അടുത്ത മുറി മൃഗാശുപത്രിയ്ക്കും, അടുത്ത മുറി പോസ്റ്റ് ഓഫീസും നടത്തി പോകുന്നു. പദ്ധതിക്ക് വേണ്ടി ഈ സ്ഥലത്ത് നിന്ന് ചെറിയ ഒരു ഭാഗം മാത്രമേ പോകു ന്നുള്ളൂ. സ്ഥലം വിട്ട് നൽകുവാൻ സമ്മതമാണ് എന്ന് അറി യിക്കുകയും ചെയ്തു |
| 47 | കുടുംബി സേവാസംഘം,<br>ശാഖ നം. 5, | 513/1,2 | പദ്ധതി ബാധിത പ്രദേശത്ത് സ്ഥലം, 1 തെങ്ങ് എന്നിവ ഉൾപ്പെടുന്നത്. സ്ഥലം വിട്ട് തരാൻ സമ്മതം ആണ് എന്ന് |


| | | | |
|---|---|---|---|
| | കൂട്ടാല പി.ഒ.,<br>തൃശൂർ 680652<br>9744731314 (പ്രസിഡന്റ്)<br>9562269629 (സെക്രട്ടറി) | | കുടുംബി സേവാസംഘത്തിന്റെ പ്രസിഡന്റ്, സെക്രട്ടറി അറിയിച്ചു. |
| 48 | ലിഫ്റ്റ് ഇറിഗേഷൻ ചാലാം പാടം | | നിർദ്ദിഷ്ട പദ്ധതിയിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെടുന്നു. ഈ ഭൂമിയിലെ ലിഫ്റ്റ് ഇറിഗേഷൻ നഷ്ടപ്പെടുന്നതിനാൽ പുറകിലേക്ക് മാറ്റി പണിത് തരണമെന്ന് ലിഫ്റ്റ് ഇറിഗേഷൻ കമ്മിറ്റി പ്രസിഡന്റ് ആവശ്യപ്പെട്ടു. |


(മുകളിൽ കൊടുത്തിരിക്കുന്ന വിവരങ്ങൾ പരിശോധനാവേളയിൽ, ബന്ധപ്പെട്ട കക്ഷികൾ നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. ഇവ തെളിയിക്കുന്ന അനുബന്ധരേഖകൾ പരിശോധിക്കേണ്ടതാണ്.)

## വസ്തു വിവര പട്ടിക (നിർദ്ദിഷ്ട പദ്ധതിയുടെ ഭൂപടം)





















## 4.3 പദ്ധതിക്കാവശ്യമായ ഭൂമി

ശ്രീധരിപാലം & അപ്രോച്ച് റോഡ് നിർമ്മാണത്തിന് 0.3766 ഹെക്ടർ ഭൂമിയാണ് പദ്ധതിക്കായി ഏറ്റെടുക്കുന്നത്. പദ്ധതിക്കായി ഏറ്റെടുക്കുന്ന പ്രദേശങ്ങളിൽ ജനങ്ങളുടെ വാസസ്ഥലം, കടമുറികൾ, തുറസ്സായ ഭൂമി, പുറമ്പോക്ക് ഭൂമി എന്നിവ ഉൾപ്പെടുന്നു.

## 4.4 പൊതുഭൂമിയുടെ ആവശ്യകത

പദ്ധതിയ്ക്കായി പൊതുഭൂമി ഏറ്റെടുക്കേണ്ടി വരുന്നുണ്ട്.

## 4.5 പദ്ധതിക്കായി വില കൊടുത്തു വാങ്ങിയിരിക്കുന്ന ഭൂമി

പദ്ധതിക്കായി ഇതുവരെയും ഭൂമിയൊന്നും തന്നെ ഏറ്റെടുക്കുകയോ വില കൊടുത്തു വാങ്ങുകയോ ചെയ്തിട്ടില്ല.

## 4.6 ഉടമസ്ഥതയുടെ സ്വഭാവം

| പട്ടിക 4.2 ഉടമസ്ഥതയുടെ സ്വഭാവം | | |
|---|---|---|
| മാതൃക | എണ്ണം | ശതമാനം |
| പരമ്പരാഗതം | 25 | 47.16 |
| വിലക്ക് വാങ്ങിയത് | 24 | 45.28 |
| മറുപടിയില്ല | 4 | 7.54 |
| ആകെ | 53 | 100 |

## 4.7 പദ്ധതി പ്രദേശത്തെ മുൻകാല വ്യവഹാരങ്ങൾ

പദ്ധതി പ്രദേശത്ത് കഴിഞ്ഞ 3 വർഷങ്ങളായി യാതൊരു ക്രയവിക്രയങ്ങളും നടന്നിട്ടില്ല.

| പട്ടിക 4.3 സ്ഥല വ്യവഹാരം | | |
|---|---|---|
| മാതൃക | എണ്ണം | ശതമാനം |
| ഇല്ല | 36 | 67.92 |
| ബാങ്ക് വായ്പ | 10 | 18.86 |
| മറുപടിയില്ല | 7 | 13.20 |
| ആകെ | 53 | 100 |

## 4.8 സ്ഥലത്തിന്റെ ഉടമസ്ഥാവകാശ കാലയളവ്

**പട്ടിക 4.4 കൈവശാവകാശ കാലയളവ്**

| വർഷം | എണ്ണം | ശതമാനം |
|---|---|---|
| 50 –60 | 2 | 4.44 |
| 61–70 | 2 | 4.44 |
| 71– 80 | 2 | 4.44 |
| 81– 90 | 8 | 17.77 |
| 91–2000 | 6 | 13.33 |
| 2001–2010 | 8 | 17.77 |
| 2011–2018 | 7 | 15.55 |
| മറുപടിയില്ല | 10 | 22.22 |
| ആകെ | 45 | 100 |

(മുകളിൽകൊടുത്തിരിക്കുന്ന വിവരങ്ങൾ പരിശോധനാവേളയിൽ, ബന്ധപ്പെട്ട കക്ഷികൾ നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. ഇവ തെളിയിക്കുന്ന അനുബന്ധ രേഖകൾ പരിശോധിക്കേണ്ടതാണ്.)

## അദ്ധ്യായം 5

# കണക്കാക്കലും ഗണനവും

### 5.1 ആമുഖം

പദ്ധതിയുടെ നടത്തിപ്പിൽ പ്രത്യക്ഷമായും പരോക്ഷമായും കുടുംബങ്ങൾക്ക് നേരിടേണ്ടി വരുന്ന ആഘാതത്തിന്റെ അളവും നഷ്ടപ്പെടുന്ന വസ്തു വകകളുടെ വിലയിരുത്തലുമാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

### 5.2 പദ്ധതിയുടെ ആഘാതം പ്രത്യക്ഷത്തിൽ ബാധിക്കുന്നവർ

നിർദ്ദിഷ്ട പദ്ധതിയ്ക്കുവേണ്ടി 0.3766 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കുന്നത്. പദ്ധതി പ്രദേശത്ത് രണ്ടു വീടുകൾ ഭാഗികമായും, ബാക്കി വരുന്ന സ്ഥലങ്ങളിൽ കിണർ, തുറസ്സായ ഭൂമി, കൃഷിക്ക് ഉപയോഗിക്കുന്ന സ്ഥലങ്ങളും, വീടിനോട് തൊട്ടടുത്തുള്ള സ്ഥലങ്ങളും, കെട്ടിടങ്ങളുടെ മുൻവശം (ഭാഗികം), പുറമ്പോക്ക് ഭൂമി എന്നിവയും നഷ്ടമാകുന്നു.

### 5.3 പദ്ധതിയുടെ പരോക്ഷ ഫലങ്ങൾ

നിർദ്ദിഷ്ട പദ്ധതിക്കുവേണ്ടി സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് പരോക്ഷമായി ആഘാതം ഗണ്യമായ രീതിയിൽ ബാധിക്കുന്നില്ല.

### 5.4 പട്ടിക വർഗ്ഗക്കാരുടെയോ വനാവകാശം നഷ്ടപ്പെടുന്ന പരമ്പരാഗത വനനിവാസികളുടെയോ കുടുംബം

നിർദ്ദിഷ്ട പദ്ധതിയിൽ ഇവർ ആരും ഉൾപ്പെടുന്നില്ല.

### 5.5 ഏറ്റെടുക്കുന്ന സ്ഥലം മൂന്ന് വർഷമായി ഉപജീവനത്തിനായി ആശ്രയിച്ചിരുന്ന കുടുംബങ്ങളാണോ?

പദ്ധതിക്കുവേണ്ടി സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ആഘാതബാധിതരിൽ നിന്നും കുറച്ച് സ്ഥലം മാത്രമേ നഷ്ടപ്പെടുന്നുള്ളൂ. ആയതിനാൽ ഈ ഏറ്റെടുക്കൽ ഉപജീവനമാർഗ്ഗത്തെ ബാധിക്കുന്നില്ല.

### 5.6 ഏറ്റെടുക്കുന്ന സ്ഥലം സംസ്ഥാനകേന്ദ്രസർക്കാരുകളുടെ ഏതെങ്കിലും ക്ഷേമപദ്ധതിയുടെ ഭാഗമായി ലഭിച്ച കുടുംബങ്ങളുടേതാണ്

ബാധകമല്ല.

## 5.7 ഏറ്റെടുക്കലിന് മൂന്ന് വർഷമോ അതിലധികമോ മുമ്പായി നഗര പ്രദേശങ്ങളിൽ പാർക്കുന്ന കുടുംബങ്ങളാണോ?

ബാധകമല്ല.

## 5.8 ഏറ്റെടുക്കൽ മൂലം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ടു പൊതുസ്ഥലത്തെ ആശ്രയിച്ച് കഴിയുന്ന കുടുംബങ്ങൾ

നിർദ്ദിഷ്ട പദ്ധതി പ്രദേശത്ത് അങ്ങനെ ആരും ഉൾപ്പെടുന്നില്ല.

## 5.9 ഫലദായക വസ്തുക്കളുടെ വിവരങ്ങൾ

നിർദ്ദിഷ്ട പദ്ധതി പ്രദേശത്ത് ചില ഭൂവുടമകളുടെ സ്ഥലത്ത് തേക്ക്, മാവ്, പ്ലാവ്, തെങ്ങ്, മറ്റ് ചെറുമരങ്ങൾ നഷ്ടപ്പെടും എന്നാണ് അറിയാൻ കഴിഞ്ഞത്.

## അദ്ധ്യായം 6

# സാമൂഹ്യ സാമ്പത്തിക രൂപരേഖ

### 6.1 പശ്ചാത്തലം

പദ്ധതി ബാധിത കുടുംബങ്ങളുടെ സാമൂഹ്യ- സാമ്പത്തിക-സാസ്ക്കാരിക തലങ്ങളിലെ അവസ്ഥ യും, പ്രസ്തുത ഘടകങ്ങളുടെ സ്ഥിതി വിശേഷവുമാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ജനസംഖ്യാപരമായ വിശദാംശങ്ങൾ, സ്ഥിതി, ജീവനോപാധിതമായ കുടുംബങ്ങൾ, പദ്ധതി ബാധിതമായ ജനങ്ങളുടെ അനുബന്ധ വിവരങ്ങൾ എന്നിവയാണ് ഈ അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നത്.

### 6.2 കുടുംബ വിവരങ്ങൾ

പട്ടിക 6.1 കുടുംബ വരുമാനം

| പ്രതിമാസ കുടുംബ വരുമാനം | എണ്ണം | ശതമാനം |
|---|---|---|
| 5000 രൂപ വരെ | 15 | 33.33 |
| 5001-10000 | 6 | 13.33 |
| 10001-20000 | 5 | 11.11 |
| 20001-50000 | 10 | 22.22 |
| മറുപടിയില്ല | 9 | 20. |
| ആകെ | 45 | 100 |

പട്ടിക 6.2 വയസ്സുതിരിച്ചുള്ള വിവരം

| വയസ്സ് | എണ്ണം | ശതമാനം |
|---|---|---|
| 10 വയസ്സു വരെ | 20 | 11.49 |
| 11 - 20 | 16 | 9.19 |
| 21 - 30 | 24 | 13.79 |
| 31 -40 | 23 | 13.21 |
| 41 - 50 | 23 | 13.21 |

| | | |
|---|---|---|
| 51 - 60 | 25 | 14.36 |
| 61-70 | 30 | 17.24 |
| 71 - 80 | 10 | 5.74 |
| 80 ന് മുകളിൽ | 3 | 1.72 |
| ആകെ | 174 | 100 |

## പട്ടിക 6.3 വിവാഹിതർ/ അവിവാഹിതർ/ വിധവകൾ

| നില | എണ്ണം | ശതമാനം |
|---|---|---|
| വിവാഹിതർ | 109 | 81.95 |
| അവിവാഹിതർ | 13 | 9.77 |
| വിധവ | 11 | 8.27 |
| ആകെ | 133 | 100 |

## പട്ടിക 6.4 പദ്ധതിബാധിത ജനങ്ങളുടെ വിദ്യാഭ്യാസം

| വിദ്യാഭ്യാസം | എണ്ണം | ശതമാനം |
|---|---|---|
| പ്രാഥമികം | 57 | 38.51 |
| എസ്. എസ്. എൽ.സി | 28 | 18.91 |
| സെക്കൻഡറി | 26 | 17.56 |
| ഡിഗ്രി | 11 | 7.43 |
| മാസ്റ്റേഴ്സ് ബിരുദം | 3 | 2.02 |
| മറ്റുള്ളവ | 23 | 15.5 |
| ആകെ | 148 | 100 |

### പട്ടിക 6.5 പദ്ധതി ബാധിത ജനങ്ങളുടെ തൊഴിൽ സംബന്ധമായവിവരങ്ങൾ

| മേഖല | എണ്ണം | ശതമാനം |
|---|---|---|
| കച്ചവടം | 6 | 11.32 |
| ബിസിനസ്സ് | 1 | 1.88 |
| സർക്കാർ മേഖലയിലെതൊഴിൽ | 2 | 3.77 |
| കൂലി | 14 | 26.41 |
| ഗൾഫ് | 5 | 9.43 |
| സ്വകാര്യ മേഖലയിലെ ജോലി | 10 | 18.86 |
| കാർഷികം | 10 | 18.86 |
| മറ്റുള്ളവ | 5 | 9.43 |
| ആകെ | 53 | 100 |

### പട്ടിക 6.6 റേഷൻ കാർഡിന്റെ തരം തിരിവ്

| തരം | എണ്ണം | ശതമാനം |
|---|---|---|
| ദാരിദ്ര്യ രേഖക്കു താഴെ | 12 | 26.66 |
| ദാരിദ്ര്യരേഖക്ക് മുകളിൽ | 25 | 55.55 |
| ഇല്ല | 1 | 2.22 |
| മറുപടിയില്ല | 7 | 15.55 |
| ആകെ | 45 | 100 |

## 6.4 മതവിഭാഗം

ആഘാതബാധിത കുടുംബങ്ങൾ ഹിന്ദു, ക്രിസ്ത്യൻ, വിഭാഗങ്ങളിൽപ്പെടുന്നു. മൊത്തം കുടുംബങ്ങളിൽ 66% കുടുംബങ്ങൾ ക്രിസ്ത്യൻ വിഭാഗത്തിലും 34% കുടുംബങ്ങൾ ഹിന്ദു വിഭാഗത്തിലും ഉൾപ്പെടുന്നു.

(മുകളിൽകൊടുത്തിരിക്കുന്ന വിവരങ്ങൾ പരിശോധനാവേളയിൽ, ബന്ധപ്പെട്ട കക്ഷികൾ നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. ഇവ തെളിയിക്കുന്ന അനുബന്ധ രേഖകൾ പരിശോധിക്കേണ്ടതാണ്.)

### അദ്ധ്യായം 7

# സാമൂഹ്യ പ്രത്യാഘാത പദ്ധതി നിർവ്വഹണ ആസൂത്രണം

## 7.1 ആഘാതം കുറയ്ക്കുന്നതിനുള്ള സമീപനം

പ്രസ്തുത പദ്ധതിക്ക് വേണ്ടി സ്ഥലം ഏറ്റെടുക്കുമ്പോൾ ഉണ്ടാകാവുന്ന പ്രതികൂല പ്രത്യാഘാതങ്ങൾ കുറക്കുന്നതിന് വേണ്ടിയാണ് സാമൂഹ്യ പ്രത്യാഘാത പദ്ധതി നിർവ്വഹണ ആസൂത്രണം തയ്യാറാക്കിയിരിക്കുന്നത്. പ്രധാനമായും നഷ്ടപരിഹാരമായി തൃപ്തികരമായ തുക നൽകുവാനാണ് വ്യക്തികൾ ആവശ്യപ്പെടുന്നത്. ആയതിനാൽ ഏറ്റെടുക്കുന്ന സ്ഥലത്തിനും വസ്തുവകകൾക്കും നൽകേണ്ട വില ആഘാതബാധിതരുമായി ചേർന്ന് ചർച്ച ചെയ്ത് തീരുമാനിക്കുകയും സ്ഥലം ഏറ്റെടുക്കുന്നതിനു മുൻപേ ഈ നഷ്ടപരിഹാര തുക വിതരണം ചെയ്യുക എന്നതുമാണ് പ്രത്യാഘാത ലഘൂകരണ നടപടി യായി നിർദ്ദേശിക്കുന്നത്.

## 7.2 മരങ്ങൾക്കും മറ്റ് സ്ഥാവര വസ്തുക്കൾക്കുമുള്ള നഷ്ടപരിഹാരം

ഏറ്റെടുക്കുന്ന ഭൂമിയിലെ മരങ്ങൾക്കും മറ്റ് സ്ഥാവര വസ്തുക്കൾക്കും അർഹമായ നഷ്ടപരിഹാരം പുനരധിവാസ പാക്കേജിൽപ്പെടാൻ ഇടനൽകേണ്ടതാണ്.

## 7.3 ആഘാതം ഇല്ലാതാക്കുവാനോ ലഘൂകരിക്കുവാനോ നഷ്ടം നികത്തു വാനോ ഉള്ള മാർഗ്ഗങ്ങൾ

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 (RFCTLARR Act 2013) നിഷ്കർഷിക്കുന്ന പ്രകാര മുള്ള നഷ്ടപരിഹാരം യഥാസമയം നൽകുക.

## 7.4 നിയമത്തിൽ പ്രതിപാദിക്കുന്നതിന് പ്രകാരമുള്ള പുനരധിവാസ ത്തിനും പുനസ്ഥാപനത്തിനും ഉള്ള നടപടി ക്രമങ്ങൾ

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും, പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശം ആക്ട് 2013 നിഷ്കർഷിക്കുന്ന പ്രകാരമുള്ള നഷ്ടപരിഹാരം നൽകുക.

## 7.5 പ്രത്യാഘാത ലഘൂകരണ നടപടികൾ

| ക്രമ നമ്പർ | ഉണ്ടാകുന്ന നഷ്ടം | സമീപനം | സാധ്യമായ ലഘൂകരണ നടപടികൾ |
|---|---|---|---|
| 1. | താമസ ഭവനങ്ങളുടെ നഷ്ടം | പുനരധിവാസവും നഷ്ട പരിഹാരവും | പുനരധിവാസവും നഷ്ടപരിഹാരവും |
| 2. | കൃഷിഭൂമിയുടെയും വരുമാനത്തിന്റെയും നഷ്ടം | നഷ്ടപരിഹാരം | ന്യായമായ നഷ്ടപരിഹാരം |
| 3. | മരങ്ങളുടെ നഷ്ടം | നഷ്ടപരിഹാരവും നിയന്ത്രണവും | മതിയായ നഷ്ടപരിഹാരം നൽകുകയും നഷ്ടപ്പെടുന്നതിന് തുല്യ എണ്ണം മരങ്ങൾ സർക്കാർ ഭൂമിയിലോ, സ്വകാര്യ ഭൂമിയിലോ നട്ടു വളർത്താൻ നടപടി സ്വീകരിക്കുക. |
| 4. | നാണ്യ വിളകളുടെ നഷ്ടം | നഷ്ട പരിഹാരം | മതിയായ നഷ്ടപരിഹാരം |
| 5. | അവശേഷിക്കുന്ന ഭൂമി യിലേക്കുള്ള പ്രവേശനമാ ർഗ്ഗങ്ങളുടെ നഷ്ടം | നിയന്ത്രണം | പ്രവേശനമാർഗ്ഗങ്ങളുടെ പുനസ്ഥാപനം |
| 6. | ശബ്ദം, അന്തരീക്ഷ മലിനികരണം, ജലമലിനികരണം, പൊടി എന്നിവ | നിയന്ത്രണം | പ്രത്യാഘാത ലഘുകരണ നടപടികൾ രൂപരേഖയിൽ ഉൾപ്പെടുത്തുക |
| 7. | ഭൂമി ഏറ്റെടുക്കലിലും നഷ്ടപരിഹാര വിതരണത്തിലും ഉണ്ടാകുന്ന കാലതാമസം | ശരിയായ മേൽനോട്ടവും നിയന്ത്രണവും | ഭൂമി ഏറ്റെടുക്കലിന് മുമ്പ് നഷ്ട പരിഹാരം വിതരണം ചെയ്യുക |
| 8.. | ജല സ്രോതസുകളുടെ നഷ്ടം | നിയന്ത്രണം | നടപ്പാക്കൽ ഏജൻസി തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ ഭൂഗർഭ ജലപരി പോഷണം ഉറപ്പ് വരുത്തണം |
| 9. | പദ്ധതി ബാധിതരെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളിൽ ഉൾപ്പെടുത്തുക. | നിയന്ത്രണം | നടപടി ക്രമങ്ങളിൽ പദ്ധതി ബാധിതരുടെ പങ്കാളിത്തം ഉറപ്പു വരുത്തുക |
| 10 | പരാതി പരിഹാരം | നിയന്ത്രണം | പ്രവർത്തന നിരതമായ പരാതി പരിഹാര കമ്മിറ്റി ജില്ലാ തലത്തി ലും പഞ്ചായത്ത് തലത്തിലും പ്രവർത്തിക്കുക. |

## അദ്ധ്യായം 8

# സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി സ്ഥാപന സംവിധാനം

### 8.1 സ്ഥാപന സംവിധാനങ്ങളും ചുമതലപ്പെട്ട വ്യക്തികളും

RFCTLARR നിയമം 2013-ൽ നിർവ്വഹിക്കുന്നതിൽ പ്രകാരം സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർക്ക് ആയിരിക്കും പദ്ധതിബാധിത കുടുംബങ്ങൾക്കുള്ള പുനസ്ഥാപന സ്കീം തയ്യാറാക്കുന്നതിന്റെ ഉത്തരവാദിത്വം. ഗവൺമെന്റിന്റെയും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള കമ്മീഷണറുടെയും മേൽനോട്ടത്തിനും മാർഗ്ഗദർശ്ശനത്തിനും നിയന്ത്രണത്തിനും വിധേയമായ പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ തന്റെ കീഴിലുള്ള പ്രോജക്ടിനു വേണ്ടിയുള്ള പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള സ്കീമിന്റെ രൂപീകരണത്തിനും നടത്തിപ്പിനുംമേൽ നോട്ടത്തിനും ഉത്തരവാദിയായിരിക്കുന്നതാണ്.

RFCTLARR നിയമം 2013-ൽ നിർവഹിക്കുന്ന പ്രകാരമുള്ള ഉചിതമായ നഷ്ടപരിഹാരം നൽകുന്നത് വഴി നിർദ്ദിഷ്ട പദ്ധതിയുടെ പ്രത്യാഘാതം ലഘുകരിക്കാൻ സാധിക്കുന്നതാണ്.

ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും വേണ്ടി കേരള സർക്കാർ രൂപീകരിച്ച നിയമത്തിൽ പറയുന്ന പ്രകാരം ന്യായമായ നഷ്ടപരിഹാരം, പുനരധിവാസം, പുനസ്ഥാപനം എന്നിവയ്ക്കു വേണ്ടിയുള്ള ജില്ലാതല കമ്മിറ്റിയിൽ ചുവടെ ചേർക്കുന്ന ആളുകളെ ഉൾപ്പെടുത്തേണ്ടതാണ്.

- ജില്ലാ കളക്ടർ
- പുനരധിവാസ പുനസ്ഥാപന അഡ്മിനിസ്ട്രേറ്റർ
- ഭൂമിയേറ്റെടുക്കൽ ഓഫീസർ
- സാമ്പത്തിക ഉദ്യോഗസ്ഥർ
- സാമ്പത്തിക തീരുമാനങ്ങൾ കൈക്കൊള്ളാൻ അർത്ഥന അധികാരികളുടെ പ്രതിനിധികൾ
- തദ്ദേശ സ്വയംഭരണം വകുപ്പിന്റെ പ്രതിനിധികൾ

## അദ്ധ്യായം 9

# സാമൂഹ്യ പ്രത്യാഘാത ദൂരീകരണ ബഡ്ജറ്റ്

### 9.1 പുനഃസ്ഥാപനത്തിനും പുനരധിവാസത്തിനും വരുന്ന ചിലവ്

പദ്ധതിബാധിത പ്രദേശം പുനസ്ഥാപനത്തിനും പുനരധിവാസത്തിനും വരുന്ന ചിലവ് കണക്കാക്കിയിട്ടില്ല.

### 9.2 വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

ബാധകമല്ല

### 9.3 സാമ്പത്തിക സ്രോതസ്സ് തരംതിരിച്ച്

പദ്ധതി ബാധിത പ്രദേശത്ത് സാമ്പത്തിക സ്രോതസ്സ് തരം തിരിച്ചിട്ടില്ല.

## അദ്ധ്യായം 10

# സാമൂഹ്യ പ്രത്യാഘാത ദൂരീകരണ പദ്ധതി- മേൽനോട്ടവും മൂല്യനിർണ്ണയവും

### 10.1 മേൽനോട്ടവും മൂല്യനിർണ്ണയവും - പ്രധാന സൂചികകൾ

- ഭൂവുടമകളുടെ ജില്ലാതല പർച്ചേസിംഗ് കമ്മിറ്റി മീറ്റിംഗിൽ ഉള്ള പങ്കാളിത്തം
- എത്ര ഭൂവുടമകളിൽ നിന്ന് നേരിട്ട് ഭൂമി വാങ്ങാൻ സാധിച്ചു
- നഷ്ടപരിഹാരം കണക്കാക്കുവാൻ ഉപയോഗിച്ച മാനദണ്ഡങ്ങൾ
- തടസ്സപ്പെട്ട പ്രവേശന മാർഗ്ഗങ്ങളുടെ പുനസ്ഥാപനം
- പരാതി പരിഹാര സമിതിയുടെ രൂപീകരണം
- പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന സമയം

### 10.2 റിപ്പോർട്ടിംഗ് രീതിയും മേൽനോട്ടവും കർത്തവ്യങ്ങളും

ബാധകമല്ല

### 10.3 സ്വതന്ത്ര മൂല്യനിർണ്ണയം-രൂപരേഖ

ബാധകമല്ല

## അദ്ധ്യായം 11

# നേട്ടങ്ങളും കോട്ടങ്ങളും അപഗ്രഥനം ഭൂമി ഏറ്റെടുക്കൽ സംബന്ധിക്കുന്ന നിർദ്ദേശം

### 1.1 അന്തിമ ഉപസംഹാരം, ജനകീയ ലക്ഷ്യങ്ങളുടെ വിലയിരുത്തൽ

തൃശ്ശൂർ ജില്ലയിൽ, തൃശ്ശൂർ താലൂക്കിൽ, മുളയം, പീച്ചി വില്ലേജുകളിൽ, ഉൾപ്പെട്ട 0.3766 ഹെക്ടർ സ്ഥലമാണ് ശ്രീധരിപാലം & അപ്രോച്ച് റോഡ് നിർമ്മാണത്തിനു വേണ്ടി ഏറ്റെടുക്കുവാൻ തീരുമാനിച്ചിരിക്കുന്നത്.

പാലം പൂർത്തിയാകുന്നതോടെ പ്രദേശത്തെ വിനോദസഞ്ചാരം, കൃഷി, ചെറുകിട വ്യവസായം എന്നീ മേഖലകൾക്ക് വമ്പിച്ച പിൻതുണ ലഭ്യമാകുകയും, ചുറ്റുപാടുമുള്ള ഗ്രാമങ്ങളുടെ സാമ്പത്തിക വളർച്ചയ്ക്ക് വളരെ സംഭാവന ചെയ്യുകയും, തദ്ദേശീയർക്ക് തൊഴിലവസരങ്ങൾ തുറന്ന് കൊടുക്കുകയും ചെയ്യും.

ശ്രിധരിപാലം പദ്ധതി യാഥാർത്ഥ്യമാക്കുന്നതിലൂടെ ഇതര സ്ഥലങ്ങളിലേക്കുമുള്ള യാത്രാ സൗകര്യം മെച്ചപ്പെടുകയും യാത്ര എളുപ്പത്തിലാക്കുന്നതിനും സമയദൈർഘ്യം കുറയ്ക്കുന്നതിനും നിർദ്ദിഷ്ട പദ്ധതി അനിവാര്യമാണെന്നാണ് പൊതുജന അഭിപ്രായത്തിലൂടെയും, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിലൂടെ വെളിവാക്കപ്പെടുന്നത്.

നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ട ഭൂമി സ്വകാര്യ ഉടമസ്ഥതയിലുള്ളതും 2013-ലെ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിലുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണ്. ശ്രീധരി പാലത്തിന്റെ അഭാവം നിമിത്തം ദൈനംദിനം കഷ്ടതയനുഭവിക്കുന്ന വാഹനയാത്രക്കാർ, പ്രദേശവാസികൾ എന്നിവരെല്ലാം ഈ വികസന പദ്ധതി അത്യാന്താപേക്ഷിതമാണെന്ന് കരുതുന്നവരാണ്. ഈ നിർമ്മാണ പദ്ധതിക്കായി ന്യായമായ വില ലഭ്യമാക്കി ഭൂമി വിട്ട് നൽകുന്നതിന് സമ്മതമുള്ളവരുമാണ്.

### 11.2 പ്രത്യാഘാതങ്ങളുടെ സ്വഭാവവും തീവ്രതയും

പദ്ധതിക്ക് വേണ്ടി സ്ഥലം വിട്ടു കൊടുക്കേണ്ടി വന്നാൽ അവരുടെ കൃഷിക്ക് ഉപയോഗിക്കുന്ന സ്ഥലങ്ങളും രണ്ടു വീടുകൾ ഭാഗികമായും, വീടിനോട് തൊട്ടടുത്തുള്ള സ്ഥലങ്ങളും കെട്ടിടങ്ങളുടെ മുൻവശം (ഭാഗികം), പുറമ്പോക്ക് ഭൂമി തുറസ്സായ സ്ഥലവും കൂടാതെ മതിൽ, ഗേറ്റ്, കിണർ എന്നിവയും ഉൾപ്പെടുന്നു. (ഇതിൽ നിന്നെല്ലാം ചെറിയൊരു ഭാഗമായിട്ടാണ് പദ്ധതിക്കുവേണ്ടി ഏറ്റെടുക്കുന്നത്)

പാലത്തെ ബന്ധിപ്പിക്കുന്ന നിലവിലുള്ള റോഡ് വളരെ ഇടുങ്ങിയതാണ്. ഇത് ഇരുചക്രവാഹനങ്ങൾക്കും കാൽനടയാത്രക്കാർക്കും മാത്രമേ ഉപയോഗയോഗ്യമായുള്ളൂ. നിലവിൽ നടത്തറ, പാണാച്ചിറ നിവാസികൾക്ക് പാലക്കാട് - മണ്ണുത്തി ദേശീയപാതയിലേക്ക് വാഹനത്തിൽ പോകുന്നത് ദുഷ്കരമാണ്. നിലവിലെ നടപ്പാലം പൂർണ്ണമായും മോശമായിക്കിടക്കുന്നതിനാൽ 800 മീറ്റർ സഞ്ചരിച്ചാലേ ദേശീയ പാതയിലെത്താൻ സാധിക്കുകയുള്ളൂ. ആയതിനാൽ ഈ ഗ്രാമവാസികൾക്ക് ഈ പദ്ധതി അത്യന്താപേക്ഷിതമാണ്.

ഇതൊരു പൊതുവികസന പ്രവർത്തനത്തിനായതിനാൽ വ്യക്തികൾ സ്ഥലം വിട്ടുനൽകേണ്ടതായി വരുന്നു. ഏതൊരു പൊതുവികസന പ്രവർത്തനത്തിനായും സ്ഥലം ഏറ്റെടുക്കുമ്പോൾ പല വ്യക്തികളെയും പ്രതികൂലമായി ബാധിക്കാറുണ്ട്. ഇത്തരത്തിലുള്ള വികസന പ്രവർത്തനത്തിനായി പ്രതികൂല സാഹചര്യങ്ങളിലൂടെ കടന്ന് പോകേണ്ടി വരികയും പ്രത്യാഘാതങ്ങൾ അനുഭവിക്കേണ്ടി വരികയും ചെയ്യുന്നവരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനായി ഉയർന്ന് വന്നിട്ടുള്ള സംവിധാനങ്ങളിൽ ഒന്നാണ് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 നിഷ്കർഷിച്ചിരിക്കുന്നു. ഇന്ത്യൻ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി ഭൂമി ഏറ്റെടുക്കൽ നടക്കുമ്പോൾ അതിലെ പൊതുതാൽപര്യവും സാമൂഹിക ആഘാതവും നിർണ്ണയിക്കണം എന്ന് ഈ നിയമത്തിലെ വകുപ്പ് 4 നിഷ്കർഷിക്കുന്നു.